ആഗസ്റ്റ് 2010
പുസ്തകം 2 ലക്കം 8

# സഹയാത്ര

പാലിയം ഇന്ത്യയുടെ പത്രിക



## പ്രത്യാശയുടെ വിദൂരതീരങ്ങൾ

# നിങ്ങൾക്ക് ഒരു പരസ്യം;
# അത് വേദനിക്കുന്നവർക്ക് ഒരു കൈത്താങ്ങ് ആകട്ടെ

**സഹയാത്രയിൽ പ്രസിദ്ധീകരിക്കുന്ന ഓരോ പരസ്യവും നിങ്ങൾ നേരിട്ടറിയാനിടയില്ലാത്ത, വേദനകൊണ്ടു പുളയുന്ന ഒരാളുടെ നന്മയ്ക്കുവേണ്ടിയുള്ള സംഭാവനയായിരിക്കും.**

| | |
|---|---|
| മുഴുവൻ പേജ് | : 4,000 രൂപ |
| ഒരു വർഷത്തേക്ക് | : 40,000 രൂപ |
| അരപ്പേജ് | : 2,500 രൂപ |
| ഒരു വർഷത്തേക്ക് | : 25,000 രൂപ |
| കാൽപേജ് | : 1,500 രൂപ |
| ഒരു വർഷത്തേക്ക് | : 15,000 രൂപ |
| ബാക്ക് പേജ് (കളർ) | : 10,000 രൂപ |
| ഒരു വർഷത്തേക്ക് | : 1,00,000 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | : 6,000 രൂപ |
| ഒരു വർഷത്തേക്ക് | : 60,000 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | : 7,500 രൂപ |
| ഒരു വർഷത്തേക്ക് | : 75,000 രൂപ |

### പരസ്യവും പണവും അയയ്ക്കേണ്ട വിലാസം

**മാനേജർ,**
**പാലിയം ഇൻഡ്യ, ട്രിവാൻഡ്രം**
**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് സയൻസ് (ടിപ്സ്),**
**എസ്.യു.റ്റി. ഹോസ്പിറ്റൽ,**
**പട്ടം, തിരുവനന്തപുരം – 4**
**ഫോൺ : 0471– 2440306**




# സഹയാത്ര

പാലിയം ഇന്ത്യയുടെ പത്രിക

ആഗസ്റ്റ് 2010

പുസ്തകം : 2 ലക്കം : 8



**പത്രാധിപ സമിതി**

ഡോ.എം.ആർ. രാജഗോപാൽ
ഡോ. സി. മോഹനൻ
ഡോ. വി. രാജശേഖരൻ നായർ
ഡോ. എസ്. ഗോപിനാഥൻ നായർ
ജാവേദ്

**എക്സിക്യൂട്ടീവ് എഡിറ്റർ**
ഡോ. സലാഹുദ്ദീൻ കുഞ്ഞ്

**എഡിറ്റർ**
കെ. ഗോവിന്ദൻ കുട്ടി

**കോപ്പി എഡിറ്റർ**
ടി.സി. രാജേഷ്



പാലിയം ഇന്ത്യ
ട്രിവാൻഡ്രം ഇൻസ്റ്റിറ്റ്യൂട്ട്
ഒഫ് പാലിയേറ്റീവ് സയൻസസ്
എസ്.യു.റ്റി. ഹോസ്പിറ്റൽ
പട്ടം, തിരുവനന്തപുരം - 4
ഫോൺ : 0471 - 2440306





# മരുന്നു കുറിക്കാൻ ഡോക്ടർ അല്ലാതെ ആര്?

**അ**ഞ്ചുവർഷം പഠിച്ച്, പിന്നെ ഒരു വർഷമെങ്കിലും പ്രായോഗിക പരിശീലനം നേടി, പിന്നെ പലപ്പോഴും വർഷങ്ങളുടെ ബിരുദാനന്തര പഠനവും കഴിഞ്ഞ ഡോക്ടർ മരുന്നു കുറിക്കുന്നു. കുറിപ്പെഴുതിയതുകൊണ്ട് രോഗം മാറുകയില്ലല്ലോ. ശരിയായ അളവിൽ രോഗിയുടെ ഉള്ളിൽ അതെത്തിയില്ലെങ്കിൽ ഈ പഠനവും പരിശീലനവുമൊക്കെ വൃഥാവിലാവില്ലേ?

യു.കെയിലെ റോയൽ ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഒഫ് ഗ്രേറ്റ് ബ്രിട്ടൻ നടത്തിയ ഒരു പഠനത്തിൽ തെളിഞ്ഞ വിവരങ്ങൾ ഞെട്ടിക്കുന്നവയാണ്. പ്രാഥമിക ചികിത്സ (Primary care) നൽകുന്ന ഡോക്ടർമാർ എഴുതിയ കുറിപ്പുകളിൽ 7.5 ശതമാനത്തിലും തെറ്റുകളുണ്ടായിരുന്നു. 2.6 മുതൽ 5.2 ശതമാനം വരെ കുറിപ്പുകൾ ഫാർമസിയിൽ എത്തിയതേയില്ല. ഫാർമസിയിൽ നിന്ന് എടുത്തുകൊടുക്കുമ്പോൾ 3.3 ശതമാനം തെറ്റുകൾ വന്നു.

കഴിഞ്ഞില്ല; 30 മുതൽ 50 ശതമാനം വരെ രോഗികളും ഈ കുറിപ്പനുസരിച്ചു ശരിയായി മരുന്നു കഴിച്ചില്ല. 72 ശതമാനത്തിലും ഒരിക്കലെഴുതിയ കുറിപ്പ് ഒരു വർഷത്തിനുള്ളിൽ ഒരു പ്രാവശ്യം പോലും പുനരവലോകനം ചെയ്യപ്പെട്ടില്ല. മാത്രമല്ല, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട

⇨

## ഉള്ളടക്കം


തിരുവനന്തപുരത്ത് സാന്ത്വനസംഗമം........... 4
രോഗശയ്യയിൽ നിന്ന് ചില സാന്ത്വന ശിൽപങ്ങൾ........................................... 5
പ്രത്യാശയുടെ വിദൂരതീരങ്ങൾ......................... 7
സാന്ത്വനത്തിന്റെ കാർഷിക വഴികൾ.............. 10
അതിജീവനത്തിന്റെ ആശുപത്രിക്കാലം........ 11
ആ പൂമ്പാറ്റയും പറന്നുപോയി........................ 13
സ്റ്റാഫ് ക്ലബ്........................................................... 15
പാലിയേറ്റീവ് കെയർ സെന്ററിലേക്കുള്ള ദൂരം..................................... 17
ടിപ്സ് - ചില അഭിപ്രായങ്ങൾ........................ 19
ട്രിച്ചി പാൽകോൺ ഓർമയിൽ......................... 20
പാലിയേറ്റീവ് പഠനയാത്ര ................................. 21
വായനക്കാരുടെ കത്തുകൾ................................ 22


കവർ ചിത്രം : മിഥുൻ

വരിൽ 4.5 ശതമാനം പേരും മരുന്നുകളുടെ പാർശ്വഫലങ്ങൾ ചികിത്സിക്കാനാണ് ആശുപത്രിയിൽ എത്തിയത്.

ഈ പശ്ചാത്തലത്തിൽ ഒരു ചോദ്യം ഉയരുന്നു. മരുന്നെഴുതാനുള്ള ചുമതല (അവകാശം?) നഴ്സുമാർക്കും ഫാർമസിസ്റ്റിനും കൂടി (ചില അവസരത്തിലെങ്കിലും) നൽകിയാൽ ഡോക്ടർമാരുടെ തിരക്കുമൂലമുണ്ടാവുന്ന തെറ്റുകൾ ചുരുങ്ങില്ലേ?

യു.കെ.യിൽ നഴ്സുമാരിൽ നിന്നാണ് ആദ്യം ഇതിനുവേണ്ടി ഒരു നീക്കമുണ്ടായത്. അവർ തന്ത്രപരമായി ആസൂത്രണം ചെയ്ത് ഒരു പൊതുസമ്പർക്ക യജ്ഞം ഇതിനു വേണ്ടി നടത്തി. ഇതിന്റെ പ്രായോഗികവശത്തെപ്പറ്റി സാധാരണക്കാരന്റെ കാഴ്ചപ്പാടു മാറിയപ്പോൾ നിയമവും മാറി. ചില നിബന്ധനകൾക്കു വിധേയമായി നഴ്സുമാർക്കും ഫാർമസിസ്റ്റിനും മരുന്നു കുറിക്കാറായി.

ഇതു വികസിതരാജ്യങ്ങളിൽ മാത്രമേ സാധിക്കുകയുള്ളോ എന്ന ചോദ്യം ഉയരുന്നതിനു മുമ്പു പറയട്ടെ, പാലിയേറ്റീവ് കെയർ രംഗത്ത് ഈ രീതിയിലെ ഒരു വലിയ കാൽവയ്പുണ്ടായത് ഉഗാണ്ടയിലാണ്. അവിടെ മോർഫിനുൾപ്പെടെ മരുന്നുകൾ നിശ്ചയിച്ചു കുറിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച നഴ്സുമാർക്ക് അധികാരമുണ്ട്.

എന്നു വച്ച് ചികിത്സ മുഴുവൻ ഡോക്ടർമാരിൽ നിന്ന് മറ്റുള്ളവരിലേയ്ക്കു മാറുന്നു എന്നല്ല. ഒരിക്കൽ നിശ്ചയിച്ചുകഴിഞ്ഞ ചികിത്സ തുടരാനോ, ചില പ്രത്യേക രോഗസ്ഥിതികളിൽ മാത്രം ചികിത്സ നിശ്ചയിക്കാനോ ഉള്ള അധികാരം മാത്രമേ കൈമാറപ്പെടുന്നുള്ളൂ. യു.കെയിലെയും ഉഗാണ്ടയിലെയും ഇതുവരെയുള്ള അനുഭവം നോക്കിയാൽ പരീക്ഷണം വിജയിച്ച മട്ടാണു കാണുന്നത്.

■

**ഒക്ടോബർ 9 - ലോക പാലിയേറ്റീവ് കെയർ ദിനം**

# തിരുവനന്തപുരത്ത് സാന്ത്വനസംഗമം

ഒക്ടോബർ മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് ലോകപാലിയേറ്റീവ് കെയർ ദിനം. ഇക്കുറി അതു വരുന്നത് ഒക്ടോബർ 9-ന്.

ലോകമാകെ ആചരിക്കപ്പെടുന്ന ഈ പരിപാടിയുടെ ഉദ്ദേശ്യങ്ങൾ രണ്ടാണ്. ഒന്ന് ബോധവൽക്കരണം. രണ്ട് വിഭവസമാഹരണം. കഴിഞ്ഞ മൂന്നു വർഷങ്ങളിലും തിരുവനന്തപുരത്ത് പാലിയം ഇന്ത്യ ഈ ദിനം ആചരിച്ചിരുന്നു. 2007ലും 2008ലും പ്രസിദ്ധ സംഗീതസംവിധായകനും ഗായകനുമായ എം. ജയചന്ദ്രന്റെ നേതൃത്വത്തിൽ അനേകം പ്രസിദ്ധ ഗായകരെ പങ്കെടുപ്പിച്ച് വളരെ വിജയകരമായ സംഗീത സായാഹ്നം അവതരിപ്പിച്ചിരുന്നു. അവരെല്ലാവരും സൗജന്യമായാണ് തങ്ങളുടെ കലാപരമായ അഭിരുചി സാന്ത്വനമർഹിക്കുന്നവർക്കുവേണ്ടി സമർപ്പിച്ചതെന്ന് നന്ദിയോടെ ഞങ്ങൾ സ്മരിക്കുന്നു. ഇവ രണ്ടും എ.സി.വി. ചാനൽ തത്സമയ സംപ്രേക്ഷണം ചെയ്ത് പൊതുജനങ്ങളിലേക്കെത്തിക്കുകയും ചെയ്തിരുന്നു. 2009-ൽ കോട്ടൺഹിൽ സ്കൂളിൽ വച്ച് രോഗികളുടെയും കുടുംബങ്ങളുടെയും സംഗമം സംഘടിപ്പിക്കുകയാണുണ്ടായത്.

രണ്ടിനം പരിപാടികൾ കോർത്തിണക്കിയാണ് ഈ വർഷത്തെ സാന്ത്വനചികിത്സാദിനാചരണം. രോഗികളും കുടുംബങ്ങളുമെത്തും; മറ്റു ക്ഷണിതാക്കളും അഭ്യുദയകാംക്ഷികളും സാമ്പത്തിക സഹായദാതാക്കളുമുണ്ടാവും. ഇവർക്കുവേണ്ടി സംഗീത വിരുന്നൊരുക്കുന്നു, പ്രസിദ്ധ ഗായകൻ ശ്രീ. കെ.പി. ഉദയഭാനുവിന്റെ നേതൃത്വത്തിൽ "ഓൾഡ് ഇസ് ഗോൾഡ്" എന്ന ഗായകസംഘം.

ഒക്ടോബർ 9 ശനിയാഴ്ച വൈകുന്നേരം 6 മുതൽ 8.30 വരെ സെന്റ് ജോസഫ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടക്കുന്ന ഈ സംഗീത സദ്യ തത്സമയ സംപ്രേക്ഷണം ചെയ്യാൻ പോകുന്നു, പാലിയേറ്റീവ് കെയറിന്റെ ചിരകാല സുഹൃത്തായ എ.സി.വി. ചാനൽ.

പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.
ഫോൺ : 0471-2440306

Email : info@palliumindia.org.

■

# രോഗശയ്യയിൽ നിന്ന് ചില സാന്ത്വനശിൽപങ്ങൾ

*സുനാജ്*

"**പാ**വങ്ങൾക്ക് മരുന്നുവാങ്ങാൻ നിങ്ങൾക്കിതിൽ നിന്ന് എത്രയാ വേണ്ടത്..."

പാലിയേറ്റീവ് കെയർ പ്രവർത്തകരുടെ മാത്രമല്ല, ജൂലൈ 24ന് വൈ.എം.സി.എ ഹാളിൽ ഉണ്ടായിരുന്ന എല്ലാവരുടേയും മനസ്സിൽ സ്പർശിച്ച ഈ വാക്കുകൾ വട്ടപ്പാറ സ്വദേശിയായ മോഹനന്റേതാണ്. കിടക്കയിലും വീൽച്ചെയറിലുമായി ജീവിതം തള്ളിനീക്കാൻ വിധിക്കപ്പെട്ട ഒരു പറ്റം ആളുകളുടെ സർഗശേഷിയുടേയും ജീവിതത്വരയുടേയും നേർസാക്ഷ്യമായിരുന്നു പാലിയം ഇന്ത്യയും വൈ.എം.സി.എയും ചേർന്നു സംഘടിപ്പിച്ച 'സർഗസാന്ത്വനം'.



*മോഹനൻ പപ്പട നിർമ്മാണത്തിൽ*

കാലുകൾ തളർന്നുപോയ മോഹനൻ സ്വന്തമായി ഉണ്ടാക്കി കൊടുത്തയച്ച 100 കെട്ട് പപ്പടവും പരിപാടിയിൽ വിറ്റഴിച്ചപ്പോൾ അദ്ദേഹത്തിന് കിട്ടിയത് 1000 രൂപയാണ്. ഈ തുക ഡോ. നിർമ്മലയിൽ നിന്നേറ്റു വാങ്ങുമ്പോൾ മോഹനൻ പറഞ്ഞ വാക്കുകളാണ് മുകളിൽ കൊടുത്തത്. ഇത് ആർക്കൊക്കെയോ ഒരു പാഠമാണെന്ന് തോന്നി.

ഭാര്യയും രണ്ട് മക്കളുമുള്ള മോഹനന്റെ കഠിനാധ്വാനമാണ് അയാളുടെ മുതൽക്കൂട്ട്. മരത്തിൽ നിന്ന് വീണതിനെ തുടർന്ന് നട്ടെല്ലിനുണ്ടായ ക്ഷതമാണ് മോഹനന്റെ കാലുകളെ തളർത്തിയത്.

മുരുക്കുംപുഴ സ്വദേശിയായ സിന്ധുവിന്റെ കഴിവുകൾ വളരെ വലുതാണ്. അപകടത്തിൽ അരയ്ക്ക് താഴോട്ട് തളർന്നുപോയിട്ടും സിന്ധുവിന്റെ മനോബലം തളർന്നിട്ടില്ലെന്ന് പരിപാടി തെളിയിച്ചു. വീൽചെയറിലിരുന്ന് പാചകവും വീടു വൃത്തിയാക്കലുമുൾപ്പെടെയുള്ള വീട്ടു ജോലികൾ ചെയ്യുന്നതിന് പുറമെ മകനെ ട്യൂഷൻ പഠിപ്പിക്കുന്നതും സിന്ധുവാണ്. ഇതിനിടയിൽകിട്ടുന്ന സമയത്ത് സിന്ധു ഉണ്ടാക്കിയ മോഡേൺ ആർട്ടുകളും, ചൂൽ, ക്ലീനിങ്ങ് ലോഷൻ, അച്ചാറുകൾ, പലഹാരങ്ങൾ തുടങ്ങിയവയും സർഗസാന്ത്വനത്തിൽ പ്രദർശിപ്പിച്ചിരുന്നു. എന്തു ചോദ്യത്തിനും നിഷ്കളങ്കമായ ചിരി മറുപടിയായി നൽകുന്ന സിന്ധു എം.എൽ.ടി. വരെ പഠിച്ചിട്ടുണ്ട്. ഏറെ നാളായി കിടക്കയിലായിരുന്ന സിന്ധുവിനെ പാലിയേറ്റീവ് ചികിത്സയും ഫിസിയോതെറാപ്പിയും പുനരധിവാസ ചികിത്സയുമാണ് ഇത്രയും മാറ്റിയത്.

റോഡപകടത്തിൽ അരയ്ക്ക് താഴോട്ട് തളർന്നുപോയ ഡിഗ്രി വിദ്യാർത്ഥിയാണ് ജോർജ്. പാലിയേറ്റീവ് കെയർ കിട്ടുന്നവരുടെ നിത്യോപയോഗ സാധന പ്രദർശനവും ചിത്ര പ്രദർശനവും ഉൾക്കൊള്ളുന്ന സർഗ്ഗ സാന്ത്വനം പരിപാടി ഉദ്ഘാടനം ചെയ്തത് ഈ ഇരുപത്തഞ്ചുകാരനാണ്. മുത്തുമാലകൾ, പേപ്പർ ബാഗുകൾ എന്നിവ ഉണ്ടാക്കിയാണ് ജോർജ്ജ് പ്രദർശനത്തിൽ പങ്കെടുത്തത്.

ജഗതി സ്വദേശിയായ ഭാനുമതിയമ്മ സ്വന്തമായി തുന്നിയുണ്ടാക്കിയ ബാഗുകളുമായാണ് പരിപാടിയിലെത്തിയത്. ഗ്ലാസ് പെയിന്റിംഗുകളും മുത്തുമാലയും പൂക്കളും ഉണ്ടാക്കിയ പ്രീത വീൽ ചെയറിലെ മികവുറ്റ കലാകാരിയാണെന്ന് വീണ്ടും തെളിയിച്ചു.

മുത്തുമാലയും, ചൂലുകളും, സോപ്പും പ്രദർശനത്തിനയച്ച മണികണ്ഠൻ തെങ്ങിൽ നിന്ന് വീണ് അരയ്ക്ക് താഴോട്ട് തളർന്നുപോയ ചെറുപ്പക്കാരനാണ്. ജന്മനാ ബുദ്ധിക്കുറവുള്ള മണികണ്ഠൻ അമ്മയുടെയും സഹോദരിയുടെയും സംരക്ഷണയിലാണ് കഴിയുന്നത്.

പേശികൾക്ക് ബലക്ഷയം സംഭവിക്കുന്ന അപൂർവ്വരോഗമുള്ള, ഹോമിയോ കോളേജ് വിദ്യാർത്ഥി സിജോ മനോഹരമായ ചിത്രങ്ങൾ വരച്ചാണ് മേളയിൽ തന്റെ സാമീപ്യമറിയിച്ചത്. കിടക്കയിൽ കിടന്നുകൊണ്ട് കയറ്റുപായയിൽ വർണ്ണങ്ങൾ മെനയുന്ന പേയാട് സ്വദേശിയായ മുരളി, പൂക്കളും സോപ്പുമുണ്ടാക്കുന്ന ബിജുകുമാർ, കാലുകൾക്ക് ബലമില്ലാതിരുന്നിട്ടും ആലിലയിൽ ചിത്രം വരച്ച് വിസ്മയ ചിറകുകൾ വിടർത്തിയ സന്ധ്യ, തളർന്ന കാലുകളുമായി പേപ്പർ ബാഗുണ്ടാക്കിയ മുരുക്കുംപുഴക്കാരൻ ബാബു, വീൽ ചെയറിലിരുന്ന് പലഹാരങ്ങളുണ്ടാക്കിയ നേശമണി പാലോട്, ബേബി, ഇന്ദിര, നേപ്പോളിയൻ... അങ്ങനെ, തങ്ങളാൽ കഴിയുന്ന എന്തും ചെയ്ത് പ്രദർശനത്തിനയച്ചവരുടെ പട്ടിക നീളുന്നു.

19 വർഷമായി ശരീരം തളർന്ന് കിടപ്പിലായിപ്പോയ ട്രാൻസ്പോർട്ട് ഡ്രൈവർ വിജയരാജ് മടങ്ങിയ കൈവിരലുകൾക്കിടയിൽ പേന തിരുകി കവിതകളെഴുതുന്ന ആളാണ്.

വിജയരാജിന്റെ 10 കവിതകൾ പ്രദർശനത്തിനുണ്ടായിരുന്നു.

പരിപാടി കാണാനെത്തിയതായിരുന്നു മണ്ണന്തലയിൽ നിന്നുള്ള പാരാപ്ലീജിയ രോഗിയായ ചന്ദ്രൻ. സർഗസാന്ത്വനത്തിൽ തന്റെ സഹജീവികൾ കരവിരുതുകൊണ്ട് ശാരീരികവിഷമതകളെ അതിജീവിക്കുന്നതെങ്ങിനെയെന്നു മനസ്സിലാക്കിയ ചന്ദ്രൻ തനിക്കും ഇത്തരത്തിലെന്തെങ്കിലും ചെയ്യണമെന്ന നിശ്ചയദാർഢ്യവുമായാണ് തിരിച്ചുപോയത്. ഇങ്ങിനെ ഒട്ടേറെപേർക്ക് ജീവിത പ്രതീക്ഷ പകർന്നുകൊടുക്കാൻ 'സർഗസാന്ത്വന'ത്തിനു സാധിച്ചു.

*With Best Compliments from*

M/S Kaaizeen Meditech Pvt Ltd.
Off : ZD - Church Square
Ernakulam, Kadavanthra
Kochi - 682 020
Tele Fax - 0484 - 2204502
Email : Kaaizeen@gmail.com

Distributors for
Syringe Pumps
Infusion Pumps

# പ്രത്യാശയുടെ വിദൂരതീരങ്ങൾ

*വാണി മുരളിമോഹൻ*

**രാ**ധിക ചുറ്റുമൊന്നു നോക്കി. ഇരുപതോളം സ്ത്രീകൾ ഹാളിലെ ഇരിപ്പിടങ്ങളിൽ ഒറ്റയായും കൂട്ടായും ഇരിക്കുന്നു. സ്ത്രീകൾ കൂടുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന കലപില യൊന്നുമില്ല. പലരും സ്വന്തം ചിന്ത കളിൽ നഷ്ടപ്പെട്ടിരിക്കുന്നു. മറ്റു ചിലർ എന്തെങ്കിലും പറഞ്ഞതാകട്ടെ സ്വകാര്യം പോലെ പതിഞ്ഞ സ്ഥാ യിയിലായിരുന്നു.

രാമനാഥൻസാർ ഇടക്കിടെ ഗേറ്റിലേക്കു നോക്കുന്നുണ്ട്. അതി ഥിയെ പ്രതീക്ഷിക്കയാണ്.

വിധവകളുടെ ആ സംഗമവേ ദിയിൽ ഇന്നു വരുന്നത് അറിയപ്പെ ടുന്ന ഒരു സാമൂഹ്യപ്രവർത്തകയാണ്. ചിലപ്പോഴൊക്കെ കഥകളും എഴുതും.

രാമനാഥൻ സാറിന് ഉറപ്പാണ് – അരുന്ധതി വന്നാൽ നിങ്ങളുടെ മന സ്സിൽ ഒരു തരിവെട്ടമെങ്കിലും വീഴാ തിരിക്കില്ല.

രാധികക്കോ മറ്റുള്ളവർക്കോ, സാറിന്റെ വാക്കുകളിൽ വിശ്വാസക്കു റവില്ല. എത്രയോ പ്രതിബന്ധങ്ങളെ മറികടന്നാണ് പരാജിതരും നിന്ദിതരു മായ മനുഷ്യരോടൊപ്പം അദ്ദേഹം നിൽക്കുന്നത്!

“ദാ, അരുന്ധതി വന്നു” മറച്ചു വെയ്ക്കുന്ന ആഹ്ലാദം അദ്ദേഹ ത്തിന്റെ വാക്കുകളിൽ ഉണ്ടായിരുന്നു.

രാധിക നോക്കി. പോയ കാലത്തെ ഒരു സുന്ദരി ചിരിക്കു മ്പോൾ വർഷങ്ങൾ കൊഴിഞ്ഞു പോകുന്നതുപോലെ. ആ കണ്ണുക ളിലെ പ്രകാശം ഓരോരുത്തരെയും തൊട്ടു തലോടി.

അരുന്ധതി അവർക്കിടയിലെ ഒരു കസേരയിലാണ് ഇരുന്നത്.

അൽപനേരത്തെ മൗനത്തിനു ശേഷം അവർ തിരക്കി–

“എല്ലാവർക്കും സുഖം തന്നെ യല്ലേ?”

നിസ്സഹായമായ മന്ദഹാസ ങ്ങൾ മറുപടിയായി.

“എന്റെ ലോകത്തിനുമേൽ വലിയൊരു തിരശ്ശീല വീണപ്പോൾ എങ്ങനെയാണ് സുഖമുണ്ടാവുക എന്ന ചോദ്യം ഓരോ മുഖത്തും ഞാൻ കാണുന്നു. ആദ്യമേ പറയട്ടെ ഞാൻ വളർന്നത് പുസ്തകങ്ങളോ ടൊപ്പമാണ്. ഞാൻ ചിന്തിച്ചതത്രയും അവയിൽ കണ്ടെത്തിയ കഥാപാത്ര ങ്ങളെപ്പറ്റിയാണ്. ജീവിതത്തിൽ എനി ക്കുണ്ടായിരുന്ന ഏക ആശ്രയം രക്തവും മാംസവുമില്ലാത്ത, പക്ഷെ ചിന്തയും ഹൃദയവുമുള്ള ഈ അശ രീരികളായിരുന്നു...”

അരുന്ധതിയുടെ മുഖത്തെ സ്ഥായീഭാവം എന്നു തോന്നിയ ചിരി മാഞ്ഞു പോയിരുന്നു. അവർ തുടർന്നു:

“കാരണം അത്രയ്ക്ക് അനാ ഥവും ആലംബഹീനവുമായിരുന്നു എന്റെ ബാല്യകൗമാരങ്ങൾ. കഥക ളിലെ കൂട്ടുകാരുടെ കൈപിടിച്ച് നട ന്നപ്പോൾ പുറത്തു വീഴുന്ന അടിക ളെയും കാതിൽ അഗ്നി കോരിയൊ ഴിച്ച ശകാരങ്ങളെയും അതിജീവിക്കാ നുള്ള ശക്തി എനിക്കുണ്ടായി.

അതെന്തു സാഹചര്യം എന്നു തോന്നിയേക്കാം. ഒരു അനാഥാലയം, അല്ലെങ്കിൽ മാതാപിതാക്കളില്ലാതെ ബന്ധുക്കളുടെ കാരുണ്യത്തിൽ, അല്ലെങ്കിൽ... പോട്ടെ, അതെന്തുമാ കട്ടെ.

നിസ്സഹായതയിൽ ആണ്ടുമുങ്ങി, അടുത്തദിവസത്തെപ്പറ്റി ചിന്തിക്കാൻപോലും ധൈര്യം വരാത്ത അനുഭവങ്ങളുടെ ആ ഇളം പ്രായത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഇന്ന് നിങ്ങളും ഞാനും മറ്റനേകരും അനുഭവിക്കുന്ന വൈധവ്യം എന്ന ദുഃഖം അത്രവലുതല്ല എന്ന് തോന്നിപ്പോകുന്നു.

ക്ഷമിക്കുക. ഞാനും ഒരു വിധവയാണ്. നിങ്ങളുടെ വേദനകളെ അതുകൊണ്ടുതന്നെ കുറച്ചു കാണുന്നുമില്ല. എനിക്കതിനാവില്ലല്ലൊ...

ഇന്ന് ഞാനിവിടെ വന്നത് സാന്ത്വനവാക്കുകളുടെ മൃദുസ്പർശത്താൽ നിങ്ങളുടെ കണ്ണീരുറവകളെ ഉത്തേജിപ്പിക്കുവാനല്ല. നിങ്ങൾക്ക് നാളെയെക്കുറിച്ച് പ്രതീക്ഷയുണ്ടാകാനാണ് ഞാനാഗ്രഹിക്കുന്നത്. പറഞ്ഞുവരുമ്പോൾ എന്റെ കഥയും വന്നെന്നു വരും. ബോറാവില്ലല്ലൊ?

ഒരു വിധവയുടെ ദുഃഖം അതിരില്ലാത്തതാണ്. അതിനെ പക്ഷെ നേരിട്ടേ മതിയാവൂ. മനസ്സു ശാന്തമാകും വരെ കരയുക. കരഞ്ഞുതീർക്കുക. വായനയിൽ താല്പര്യമുള്ളവർക്ക് റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സിജെ' എന്ന വിഖ്യാതഗ്രന്ഥം വായിക്കാം. അശ്രുക്കളുടെയും ദുഃഖത്തിന്റെയും അഗ്നിയിൽ നിന്നും ഉയിർത്തെഴുന്നേറ്റ് ഒരു വിധവ ഒരു പൂർണ്ണസ്ത്രീയാകുന്നത് എങ്ങിനെയെന്ന് അതിലുണ്ട്.

അത്തരമൊരു ഉയിർത്തെഴുന്നേല്പ് എളുപ്പമൊന്നുമല്ല അതിന് ഒരുപാടൊരുപാട് കടമ്പകൾ കടക്കണം. ആദ്യത്തെ പടിയായി ഒരു തീരുമാനമെടുക്കാം - എനിക്കും സന്തോഷം അർഹതപ്പെട്ട കാര്യമാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം പോലെ എത്രയും പ്രാധാനവും പ്രാഥമികവുമായ ഒരു അർഹത.

പിന്നീട് വേണ്ടത് ഒരു ശരിയായ വിശകലനമാണ്. ആളുകൾ പറയുമ്പോലെയും നാം സ്വയം കരുതുംപോലെയും അത്രക്ക് അപരിഹാര്യമായ നഷ്ടമാണോ സംഭവിച്ചിരിക്കുന്നത്? പണ്ടത്തെ കഥകൾ സ്ഥാപിച്ചതുപോലെ വിവാഹം കഴിഞ്ഞ് വളരെയേറെ കാലം സുഖമായി ജീവിക്കയാണോ ഓരോ ദമ്പതികളും? സത്യസന്ധമായ ഉത്തരത്തിന് ചന്തം കുറവായിരിക്കും. അത്രവളരെ സുഖമായൊന്നുമായിരുന്നില്ല ജീവിച്ചത് എന്നു സമ്മതിക്കേണ്ടിവരും. അപ്പോൾ വിധവയുടെ ദുഃഖത്തിന്റെ ആഴം? വളരെ ഏറെ എന്നു പറയാനാവില്ല. എന്നാലും നാട്ടുനടപ്പനുസരിച്ച് ഒരു ദുഃഖം. എല്ലാവരുടെയും കാര്യമല്ല; കുറെ പേരുടെയെങ്കിലും കാര്യം.

ഒരു വിധവ ശരിക്കും എല്ലാം നഷ്ടപ്പെട്ടവളാണോ? അതിനേക്കാൾ ക്ലേശകരമായ, ദയനീയമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരില്ലേ, ചുറ്റിലും? തീർച്ചയായും ഉണ്ട്. സ്വന്തം കാര്യം മാത്രമല്ല വലുത് എന്നൊരു ചിന്തയുണ്ടാകുന്നത് ആരുടെ ദുഃഖത്തെയും ലഘൂകരിക്കും. നിരത്തിനരികിലൂടെ നിരങ്ങിനീങ്ങുന്ന കാലില്ലാത്തവന്റെ സാഫല്യം രണ്ടുകാലിൽ എല്ലാവരെയും പോലെ നിവർന്നു നടക്കുക എന്നതാണ്. അയാളെ അപേക്ഷിച്ച് നാം...

ശാന്തമായ ഒരു വേളയിൽ മനസ്സിലൊരു പട്ടിക ഉണ്ടാക്കാം. നമ്മുടെ ഗുണങ്ങൾ, കുറവുകൾ... മേന്മയുടെ കോളത്തിൽ എന്തെങ്കിലുമൊക്കെ കാണാതിരിക്കില്ല. അതാണ് നമുക്ക് മൂലധനമാക്കി മുന്നോട്ടു പോകാനുള്ള കൈമുതൽ.

ഇങ്ങനെയൊക്കെ പോസിറ്റീവ് ആയി ചിന്തിച്ച് ഒരു മുഖപ്രസാദത്തോടെ മുന്നോട്ടു നീങ്ങുമ്പോൾ ദാ വീഴുന്നു, വിലങ്ങ്. അത് സമൂഹത്തിന്റെ വക. അവളുടെ നടപ്പു കണ്ടില്ലെ? ഇത്രയും ചമഞ്ഞൊരുങ്ങുന്നത് ആരെ കാണിക്കാനാണ്...

സത്യത്തിൽ ചമഞ്ഞിട്ടുമില്ല, ഒരുങ്ങിയിട്ടുമില്ല. വില കുറഞ്ഞ കോട്ടൺസാരി പശമുക്കി തേച്ച് വൃത്തിയായി ഉടുത്തിട്ടുണ്ട്. ദൈവം കനിഞ്ഞു തന്ന തലമുടി എങ്ങനെ ചെയ്തുവെച്ചാലും ചേരുന്ന ഒരു മുഖമുണ്ടായിപ്പോയി. ആകെയുള്ള മേയ്ക്കപ്പ് എണ്ണമയം മായ്ച്ചു കളയാൻ മുഖത്തിടുന്ന ഒരു നുള്ളു പൗഡർ...

ചമഞ്ഞൊരുങ്ങുന്നതിൽ ധാർമികരോഷം കൊള്ളുന്ന പരിശുദ്ധന്മാർ തന്നെ തരം കിട്ടിയാൽ രഹസ്യ സഹായങ്ങൾക്ക് റെഡി - വഷളൻ ചിരിയോടെ മൊഴിയുന്നു: എന്തു സഹായത്തിനും ഞങ്ങളൊക്കെയുണ്ട് കേട്ടോ.

സമൂഹം വരച്ചിട്ട ഒരു കളമുണ്ട്. (സ്ത്രീക്കു മാത്രമാണേ!) അവൾക്ക് നിശ്ചയമായും ഭർത്താവ് വേണം, മക്കൾ വേണം. ഇതിലേതെങ്കിലും ഒന്നോ, രണ്ടുമോ ഇല്ലാത്തവൾ രണ്ടാം തരക്കാരിയാണ്. ഒരു വിധവയ്ക്കുള്ള അതേ ഗതികേടുകളാണ് ഒരു അവിവാഹിതയോ, വിവാഹമോചിതയോ നേരിടേണ്ടി വരുന്നത്. വ്യക്തിപരമായി എത്ര മികച്ച ഗുണങ്ങൾ ഉള്ള സ്ത്രീയാണെങ്കിലും താലി/മക്കൾ ഭാഗ്യം ഇല്ലെങ്കിൽ തീർന്നു.

ഇതു ശരിയാണോ? നമ്മുടെ, ആരുടെയും, വ്യക്തിപരമായ തലങ്ങളിലേക്കുള്ള ഒരു കടന്നു കയറ്റമല്ലെ ഇത്? ഒരാൾക്ക് ഒറ്റക്കു ജീവിക്കാനോ ജനസംഖ്യ താനായി വർധിപ്പിക്കുന്നില്ല എന്നു വെയ്ക്കാനോ ഉള്ള അവകാശമില്ലെ? അവകാശമൊക്കെ ഉണ്ടായിരിക്കാം, പക്ഷെ കയ്യിലിരിക്കയേ ഉള്ളൂ എന്ന് ഭൂരിപക്ഷം അഥവാ എല്ലാം തികഞ്ഞ മഹാന്മാരും മഹതികളും. എന്റെയൊരു സ്നേഹിത - അവർക്ക് കുഞ്ഞുങ്ങളില്ലായിരുന്നു - ഈ ദ്രോഹത്തിന് ഇരയായത് ഞാൻ കണ്ടിട്ടുണ്ട്.

എല്ലാത്തരം ആളുകളും ജോലി ചെയ്യുന്ന ഒരു സ്ഥാപനത്തിലായിരുന്നു അവരും - കാണാനോ

കാര്യത്തിനോ ഒന്നും പിൻനിരയിൽ നിർത്തേണ്ടാത്ത ഒരു സ്ത്രീ. തന്റെ സഹപ്രവർത്തകരേക്കാൾ നന്നായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യും, അവരേക്കാൾ പത്തു ഫയലെങ്കിലും കൂടുതൽ നോക്കും, ധാരാളം വായിക്കും, ആവശ്യമില്ലാത്ത ചർച്ചകളിൽ പെടില്ല... അങ്ങനെയൊരുവൾ.

ഒരു പെണ്ണിനെ വിവാഹം ചെയ്ത് രണ്ടു മക്കളായപ്പോൾ ഉപേക്ഷിച്ച് മറ്റൊരു ധനികയെ വേട്ടവൻ, സദാ കള്ളടിച്ചു വന്ന് 'ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ' എന്ന ഗാനത്തിന്റെ അശ്ലീലപാരഡി പാടുന്നവൻ, കുട്ടിയുടെ കൈയെന്താ തണുത്തിരിക്കുന്നത് എന്ന് ജൂണിയർ ക്ലാർക്കിനെ തൊട്ടു കളിക്കുന്നവൻ, ഇവരോടൊപ്പം ഇളിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകൾ... ഇവരൊക്കെ അടങ്ങുന്ന ഒരു കൂട്ടം ആളുകൾക്ക് നടുവിൽ എന്റെ സ്നേഹിതയും.

ഭാര്യയെ ഉപേക്ഷിച്ചവന്റെ പരസ്യമായ അവകാശവാദം - ഞങ്ങളൊക്കെ മക്കളെ ഉല്പാദിപ്പിക്കുക വഴി കഴിവ് തെളിയിച്ചവരാണ്. പാരഡിക്കാരന്റെ വക - നിങ്ങൾ ഇത്ര മിടുക്കിയായിട്ടും മക്കളില്ലല്ലൊ...

അങ്ങനെ പോയി കാര്യങ്ങൾ. ഒറ്റ സ്ത്രീയും അവരോടൊപ്പം നിന്നില്ല. (ചിലർക്ക് ഉള്ളിൽ കുറ്റബോധമുണ്ടെങ്കിലും മര്യാദകെട്ടവരെ വെറുപ്പിക്കാൻ അവർക്ക് ഭയമായിരുന്നു.) വേണ്ട, അവർ ഒറ്റക്കു നിന്നുപൊരുതി. പാരഡിക്കാരന്റെ ജോലി പോയി. ഭാര്യയെ ഉപേക്ഷിച്ചവന് സ്ഥലം മാറ്റം കിട്ടി. കൂടെ നിന്ന് ഇളിച്ച അസൂയാലുക്കളായ സ്ത്രീകൾക്ക് മാത്രം ഒന്നും നഷ്ടപ്പെട്ടില്ല... അതൊരു പെൺബുദ്ധി!

ഞാൻ പറഞ്ഞു വന്നത്, ആരുമില്ലെന്നു വന്നാൽ ഒറ്റക്കു പൊരുതുക. ജീവിത സമരം തന്നെ. ഭർത്താവു മരിച്ച സ്ത്രീക്ക് മാതാപിതാക്കളുടെയും മക്കളുടെയും തുണ കിട്ടാറുണ്ട്. കിട്ടാതെയും വരാം. അതെന്തുമാകട്ടെ.

*ഇങ്ങനെയൊക്കെ പോസിറ്റീവ് ആയി ചിന്തിച്ച് ഒരു മുഖപ്രസാദത്തോടെ മുന്നോട്ടു നീങ്ങുമ്പോൾ ദാ വീഴുന്നു, വിലങ്ങ്. അത് സമൂഹത്തിന്റെ വക. അവളുടെ നടപ്പു കണ്ടില്ലേ? ഇത്രയും ചമഞ്ഞൊരുങ്ങുന്നത് ആരെ കാണിക്കാനാണ്... സത്യത്തിൽ ചമഞ്ഞിട്ടുമില്ല, ഒരുങ്ങിയിട്ടുമില്ല. വില കുറഞ്ഞ കോട്ടൺസാരി പശമുക്കി തേച്ച് വൃത്തിയായി ഉടുത്തിട്ടുണ്ട്. ദൈവം കനിഞ്ഞു തന്ന തലമുടി എങ്ങനെ ചെയ്തുവെച്ചാലും ചേരുന്ന ഒരു മുഖമുണ്ടായിപ്പോയി. ആകെയുള്ള മേയ്ക്കപ്പ് എണ്ണമയം മായ്ച്ചു കളയാൻ മുഖത്തിടുന്ന ഒരു നുള്ളു പൗഡർ...*

സാമ്പത്തികസുരക്ഷിതത്വം കൈവരിക്കുക എന്നതാണ് ആദ്യപടി. നിങ്ങൾ സമൂഹത്തിൽ ഏതു തട്ടിൽ നിൽക്കുന്ന ആളായാലും ഒരു ഉപജീവനമാർഗ്ഗം കണ്ടെത്താൻ ഇന്നത്തെ നിലയ്ക്കു സാധിക്കും. സേവനം കൂടുതൽ ആവശ്യമുള്ളതും സേവനദാതാക്കൾ കുറവുള്ളതുമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

അങ്ങനെ ഭക്ഷണ - വസ്ത്ര - പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരമായാൽ ബാക്കിയാവുന്നത് സ്നേഹത്തിന്റെ അഥവാ സ്നേഹരാഹിത്യത്തിന്റെ പ്രശ്നമാണ്. എല്ലാത്തരത്തിലുള്ള ബന്ധുക്കളെയും ഇതിനായി സ്വീകരിക്കണം. കുറെപേരെങ്കിലും ഒരു നല്ല വാക്കിലൂടെ, പ്രവൃത്തിയിലൂടെ നിങ്ങളെ തുണയ്ക്കാതിരിക്കില്ല.

ഇനി ആ ഭാഗ്യം ഉണ്ടായില്ലെന്നു വെയ്ക്കുക. (വാദത്തിനു വേണ്ടി പറയുകയാണ്.) നിങ്ങൾ പ്രകൃതിയിലേക്കു തിരിയുക. സസ്യജാലങ്ങളുടെ ഹരിതശീതളിമയിൽ തപിക്കുന്ന മാനസങ്ങളെ ശാന്തമാക്കുന്ന സാന്ത്വനമുണ്ട്. വീട്ടുമുറ്റത്തെ വൃക്ഷത്തിന്മേൽ ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണന്മാർ, ചെമ്പരത്തിയുടെ അതിലോലമായ ശാഖയിൽ വന്നിരുന്നാടുന്ന കുഞ്ഞിക്കിളികൾ, പാറിപ്പറക്കുന്ന ചിത്രശലഭങ്ങൾ... ഉദയാസ്തമനശോഭകൾ, നിലാവൊഴുകുന്ന രാവുകൾ - ഒന്നു കണ്ണു തുറന്നു വെയ്ക്കുക, അത്രയും മതി.

ഒന്നും വേണ്ട, വിശന്ന് വലഞ്ഞുവരുന്ന ഒരു തെണ്ടിപ്പട്ടിക്ക് ബാക്കിയായ അന്നത്തിലിത്തിരി ഇട്ടു കൊടുക്കുക. സ്നേഹത്തിന്റെ എല്ലാ അർഥങ്ങളും ആ സാധുജീവി കാണിച്ചുതരും."

അരുന്ധതി പറഞ്ഞു നിർത്തി.

രാധിക ചുറ്റുമൊന്നു നോക്കി. എല്ലാവരും നിശ്ചലരായി ഇരിക്കയാണ്. ചിലരുടെ കണ്ണുകളിൽ നേരിയ നനവുണ്ടോ! രാമനാഥൻ മാസ്റ്റർ എല്ലാവരെയും നോക്കി പുഞ്ചിരിച്ചു. അരുന്ധതിയും ചിരിച്ചു.

"ഞാനീപ്പറഞ്ഞതിൽ നിന്ന് തള്ളാവുന്നതു തള്ളുക. കൊള്ളാവുന്നതു കൊള്ളുക. ഒരു വ്യക്തിയായി തലയുയർത്തിപ്പിടിക്കാൻ ഓരോരുത്തർക്കും കഴിയണം. സന്തോഷം നമ്മുടെ മൗലികാവകാശമാണെന്ന് മറക്കാതിരിക്കുക.

- എന്നാൽ ശരി. പിന്നെ കാണാം."

അരുന്ധതി പോകാനായി എഴുന്നേറ്റു.

സദസ്യർ പതുക്കെ അവർക്കു ചുറ്റും കൂടി. രാധിക വെറുതെ അവരുടെ കയ്യിൽ പിടിച്ചു. ആ കൈത്തലത്തിന്റെ ഇളംചൂടേൽക്കെ എന്തിനെന്നറിയാതെ രാധികയുടെ ഉള്ളിൽ ഒരു ചെറിയ തേങ്ങൽ ഉയർന്നു വരികയും താനെ ശമിക്കയും ചെയ്തു.

■

# സാന്ത്വനത്തിന്റെ കാർഷികവഴികൾ

*സുരേഷ് ശ്രീധരൻ*

വർദ്ധിച്ചു വരുന്ന ചെലവുകൾ നേരിടാൻ എന്തെല്ലാം ചെയ്യാമെന്ന ചർച്ചക്കിടയിലാണ് ആൽഫ പെയിൻ ക്ലിനിക്കിനോടു ചേർന്നുള്ള 10 ഏക്കർ സ്ഥലത്തെ കാർഷിക വിളകളുടെ വരുമാനം ആൽഫയ്ക്കായി ചെയർമാൻ കെ.എം. നൂർദീൻ വാഗ്ദാനം ചെയ്തത്. ഒപ്പം ആ സ്ഥലത്തുനിന്ന് കാർഷികവിളകൾ വർദ്ധിപ്പിച്ച് എത്ര വരുമാനമുണ്ടായാലും അത് ആൽഫയുടെ പ്രവർത്തനത്തിനുപയോഗിക്കാമെന്ന തീരുമാനം കൂടി അറിയിച്ചതോടെ അത് ഗൗരവമായ ചിന്തയായി മാറി. അഡ്മിനിസ്ട്രേഷൻ ഹെഡ് കെ.കെ. സുഗതൻ അതിന് നേതൃത്വം നൽകാൻ സന്നദ്ധനായതോടെ രണ്ടു മാസത്തിനകം പദ്ധതി നിലവിൽ വരികയും ചെയ്തു.

പക്ഷേ ഈ രണ്ടു മാസം നൽകിയ ആകാംക്ഷയും പദ്ധതിയെക്കുറിച്ചുള്ള വിപരീത ഉപദേശങ്ങളും അതുണ്ടാക്കിയ ആത്മവിശ്വാസക്കുറവും ആശങ്കയുമെല്ലാം മറികടക്കാനായത് അഗ്രിക്കൾച്ചറൽ ടെക്നിക്കൽ മാനേജ്മെന്റ് ഏജൻസി (ATMA) ഡെപ്യൂട്ടി ഡയറക്ടർ (തൃശൂർ) മേഴ്സി തോമസിന്റെ ഇടപെടലും ആൽഫയിൽ സമീപകാലത്തായി തുടങ്ങിയ കാലിവളർത്തൽ നൽകിയ പാഠങ്ങളുമാണ്. മൂന്ന് എരുമകളെ വളർത്തിയതിൽനിന്ന് പ്രതിമാസം ഏകദേശം 12,000 രൂപ ലാഭമുണ്ടാക്കാനായത് ആ ദിശയിലെങ്കിലും വരുമാനമുണ്ടാക്കാനാകും എന്ന വിശ്വാസം നൽകിയിരുന്നു.

കേന്ദ്ര സർക്കാർ ഏജൻസിയായ ആത്മ എല്ലാ കൃഷി അനുബന്ധ വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും കൂട്ടി ആൽഫ സന്ദർശിച്ച് വിശദമായ പ്ലാൻ തയ്യാറാക്കി. പദ്ധതിയുടെ ഉദ്ദേശ്യം അവർക്ക് പുതിയൊരു ഊർജംകൂടി നൽകിയെന്നതിന് പദ്ധതിയുടെ വേഗം തന്നെ തെളിവ്. വരുമാനമുണ്ടാക്കുക എന്നതിലുപരി എന്തുകൊണ്ട് ഹോർട്ടികൾച്ചർ തെറാപ്പി പോലുള്ള മേഖലയിലേക്ക് ഈ സംരംഭത്തെ എത്തിച്ചുകൂടാ എന്ന ചിന്തയും അവർ പങ്കുവച്ചു. ആ രീതിയിലും ചർച്ചകൾ നീളുകയും പുതിയ അറിവുകൾ ലഭ്യമാകുകയും ചെയ്തതോടെ 'ഹരിതസാന്ത്വനം' പദ്ധതിയുടെ രൂപരേഖയായി. കൂടാതെ രോഗികളുടെ കാർഷികവൃത്തിയിൽ താൽപ്പര്യമുള്ള കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും പദ്ധതികൊണ്ട് കഴിയും.

രണ്ട് ഏക്കർ സ്ഥലത്ത് നെൽകൃഷി, 2.5 ഏക്കർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി, 2.5 ഏക്കറിൽ വാഴകൃഷി, 1.5 ഏക്കറിൽ പച്ചക്കറി കൃഷി, ഒരു ഏക്കറിൽ മത്സ്യകൃഷി, കന്നുകാലി വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ തുടങ്ങി വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തരിശിട്ടിരുന്ന രണ്ട് ഏക്കർ സ്ഥലത്ത് നെൽകൃഷിക്ക് വിളവിറക്കിയാണ് പദ്ധതി പ്രവർത്തനം ആരംഭിച്ചത്. ഇതോടൊപ്പം മത്സ്യം വളർത്തലിനും തീറ്റപ്പുൽകൃഷിക്കും തുടക്കമായി. വാഴക്കൃഷിക്ക് നിലമൊരുക്കുകയാണിപ്പോൾ.

ജൂലൈ 24 ശനിയാഴ്ച ആൽഫ പെയിൻ ക്ലിനിക്കിൽ നടക്കുന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം നാട്ടിക എം.എൽ.എ ടി.എൻ. പ്രതാപൻ നിർവഹിച്ചു. ആൽഫ ഹോസ്പൈസ് അന്തേവാസി സരോ

ജിനി വീൽചെയറിലെത്തി വിത്തു വിതരണം നിർവഹിച്ചാണ് പദ്ധതിക്ക് തുടക്കമിട്ടത്. തുടർന്ന് എം.എൽ.എ. യുടെ നേതൃത്വത്തിൽ കൃഷിയിറക്കുന്ന ഭൂമിയിലെത്തി നടീൽയന്ത്രമുപയോഗിച്ച് നെൽച്ചെടികൾ നട്ടു. കുളത്തിൽ മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ചും തീറ്റപ്പുൽ കൃഷിക്ക് പുൽതണ്ടുകൾ നട്ടും പച്ചക്കറി വിത്ത് പാകിയും എം.എൽ.എ.യും മുഖ്യാതിഥികളും വിവിധ വിളകളുടെ ഉദ്ഘാടനം നിർവഹിച്ചു.

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വസന്ത മഹേശ്വരൻ അധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. അഹമ്മദ്, വലപ്പാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാബു കൊട്ടുക്കൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ജെസി പി. ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ മേഴ്സി തോമസ്, ഡോ. യു. ജയകുമാരൻ, ഡയറി ഓഫീസർ എം.വി. ധർമൻ, തളിക്കുളം ബ്ലോക്ക് കൃഷി അസി. ഡയറക്ടർ വി.എസ്. റോയ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ആൽഫ പെയിൻ ക്ലിനിക്ക് അഡ്മിനിസ്ട്രേഷൻ ഹെഡ് കെ.കെ. സുഗതൻ നന്ദി പറഞ്ഞു.

■

---

# അതിജീവനത്തിന്റെ ആശുപത്രിക്കാലം

**കോ**ട്ടയം കിടങ്ങൂർ സ്വദേശി രാജേഷിനെപ്പറ്റി ഏതാനും ലക്കം മുമ്പ് സഹയാത്രയിൽ പി.ഹാറൂൺ എഴുതിയിരുന്നു. ചെറുപ്പത്തിലേ പേശികൾക്കു ബലക്ഷയം വന്ന് ശരീരം തളർന്ന രാജേഷിനെപ്പറ്റിയും ആ ചെറുപ്പക്കാരന് ആശ്വാസവുമായി ഇറങ്ങിച്ചെന്ന മിനി എന്ന പെൺകുട്ടിയെപ്പറ്റിയുമായിരുന്നു അത്. രാജേഷ് അച്ഛനോടും ഭാര്യയോടുമൊപ്പം കഴിഞ്ഞ രണ്ടുമാസക്കാലം തിരുവനന്തപുരത്ത് ആയുർവേദ ആശുപത്രിയിലുണ്ടായിരുന്നു; കർക്കിടകത്തിലെ സുഖചികിൽസക്കല്ല, മറിച്ച് മഴക്കാലത്തിന്റെ ദുരിതപർവ്വം താണ്ടിത്തീർക്കുന്നതിനായി.

കിടങ്ങൂരിലെ രണ്ടു സെന്റിലാണ് രാജേഷിന്റെ കിടപ്പാടം എന്നു പറയാവുന്ന ഇടം. വീടെന്നോ കുടിലെന്നോ അതിനെ വിശേഷിപ്പിക്കാനാകില്ല. മഴ പെയ്താൽ വെള്ളം കയറും. വൃദ്ധനായ പിതാവിന്റെ ചുമലിലേറിയാണ് രാജേഷ് പ്രാഥമികകൃത്യങ്ങൾ പോലും നിർവ്വഹിക്കാനായി പോയിരുന്നത്. ഇത്തവണ ജൂണിൽ മഴ തുടങ്ങും മുമ്പ് രാജേഷിന് ചെറിയൊരു താവളമൊരുക്കുകയായിരുന്നു ആയുർവേദാശുപത്രിയിൽ.

മഴ തുടങ്ങും മുമ്പു തന്നെ രാജേഷിനെ ആയുർവേദാശുപത്രിയിലെ ജനറൽ വാർഡിൽ ചികിൽസിക്കായി പ്രവേശിപ്പിച്ചു. ഒപ്പം ബൈസ്റ്റാൻഡറായി ഭാര്യ. വാതരോഗിയായ അച്ഛനെ തൊട്ടടുത്ത വാർഡിലും പ്രവേശിപ്പിച്ചു. അങ്ങിനെ ചികിൽസയുമായി രണ്ടു മാസം. പിഴിച്ചിലും മറ്റും കഴിഞ്ഞതോടെ രാജേഷിന് ആശുപത്രി വിടാതെ വയ്യെന്നായി. തിരികെ പോകാൻ വീടെന്നു പറയാൻമാത്രം ഒന്നുമില്ലാത്തതിനാൽ രാജേഷിന് മടക്കം താൽപര്യമുണ്ടായിരുന്നില്ല. പക്ഷേ, ആശുപത്രിയിൽ സ്ഥിരമായി തുടരാനാകില്ലല്ലോ.

ഓഗസ്റ്റ് 11ന് രാവിലെ ആയുർവേദാശുപത്രിയിൽ നിന്ന് രാജേഷിനെ ഡിസ്ചാർജ് ചെയ്തു. പാലിയം ഇന്ത്യയുടെ വാഹനത്തിലാണ് രാജേഷിനേയും കുടുംബത്തേയും കിടങ്ങൂരിലെ വീട്ടിലെത്തിച്ചത്. രാജേഷിനും കുടുംബത്തിനും പട്ടിണികൂടാതെ കഴിയാനുതകും വിധം ഒരു പുനരധിവാസത്തിനുവേണ്ടിയാണ്, രാജേഷിന്റെ കഥ പുറംലോകത്തെ അറിയിച്ച കണ്ണൂർ സ്വദേശി ഹാറൂണിന്റെ നേതൃത്വത്തിൽ ശ്രമിക്കുന്നത്.

(രാജേഷിന്റെ ഫോൺ: 9744120828, ഹാറൂണിന്റെ നമ്പർ: 9995134248)

■

# മോർഫിൻ ലഭ്യത ഉറപ്പാക്കുമെന്ന് അധികൃതർ

**കാ**ൻസർ രോഗത്താൽ വേദന അനുഭവിക്കുന്ന ഇന്ത്യക്കാരിൽ പത്തു ലക്ഷം പേരെങ്കിലും മോർഫിൻ ലഭ്യമാകാത്തതിനാൽ കഠിന വേദന അനുഭവിക്കുന്നുണ്ട്. മറ്റുതരം രോഗങ്ങളാൽ വേദന അനുഭവിക്കുന്നവർ വേറെ. ഇവർക്കു വേണ്ടി നാം ഉടനെ ചെയ്യേണ്ടതെന്ത്?

ആഗസ്റ്റ് ഏഴിന് ഡൽഹിയിൽ ഇന്ത്യൻ സൊസൈറ്റി ഫോർ സ്റ്റഡി ഓഫ് പെയിൻ (ഐ.എസ്.എസ്.പി) എന്ന സംഘടന നടത്തിയ ശിൽപശാലയിലെ ചർച്ചാവിഷയം ഇതായിരുന്നു. ഭാരതത്തിലെ നാർക്കോട്ടിക്സ് കൺട്രോളർ ജഗ്ജീത് പവാഡിയ, ഗവൺമെന്റ് ഒപ്പിയം ആൻഡ് ആൽക്കലോയ്ഡ് ഫാക്ടറിയുടെ ജനറൽ മാനേജർ എ.കെ. സക്സേന, റവന്യൂ വകുപ്പിലെ നാർക്കോട്ടിക്സ് വിഭാഗം ഡയറക്ടർ രാജേഷ് രഞ്ജൻ ശ്രീവാസ്തവ, ഡൽഹി ഡ്രഗ് കൺട്രോളർ ജഗ്ഗി, ആരോഗ്യ വകുപ്പിലെ ഡോ. ഷേർസിംഗ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഓരോ സംസ്ഥാനത്തിനുമുള്ള മോർഫിൻ ക്വാട്ട നിശ്ചയിക്കുകയും എത്ര ഉപയോഗിക്കപ്പെട്ടു എന്ന കണക്കു സൂക്ഷിക്കുകയും ഇതുവരെ ചെയ്തിരുന്നത് ഭാരതത്തിന്റെ ഡ്രഗ് കൺട്രോളർ ജനറൽ ഒഫ് ഇന്ത്യയായിരുന്നു. ഈ വർഷം മുതൽ ഈ ചുമതല തങ്ങൾ ഏറ്റെടുത്തതായി ജഗ്ജീത് പവാഡിയ പ്രസ്താവിച്ചു. വേദന ചികിത്സയ്ക്ക് ആവശ്യമുള്ള അളവിൽ മോർഫിൻ നൽകാൻ വിഷമമുണ്ടാവുകയില്ല എന്നും ലഭ്യതയിൽ ഇടയ്ക്കു വീഴ്ച വരാതെ നോക്കാമെന്നും അവർ പ്രസ്താവിച്ചു. സർക്കാർ ഫാക്ടറിയിൽ ആവശ്യത്തിനു മോർഫിൻ ഇപ്പോൾ സ്റ്റോക്കുണ്ടെന്നും ആവശ്യമനുസരിച്ച് കൂടുതൽ ഉണ്ടാക്കാൻ ബുദ്ധിമുട്ടില്ലെന്നും എ.കെ. സക്സേന അറിയിച്ചു. ഇപ്പോൾ വർഷം തോറും 300 കിലോഗ്രാമിനു താഴെ മാത്രമേ ഉണ്ടാക്കേണ്ടി വരുന്നുള്ളുവെന്നും വേണ്ടി വന്നാൽ 10,000 കിലോഗ്രാം വരെ ഉണ്ടാക്കാൻ ഫാക്ടറിക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.



*ശിൽപശാലയിൽ നിന്ന് ഐ.എസ്.എസ്.പി. പ്രസിഡന്റ് ഡോ.പി.എൻ. ജൈൻ സംസാരിക്കുന്നത് ശ്രദ്ധിക്കുന്നത് ശ്രീ.എ.കെ. സക്സേന, ശ്രീമതി ജഗ്ജിത് പവാഡിയ*

# ദൂരദർശന് നന്ദി

**സാ**ന്ത്വന പരിചരണത്തിന്റെ സന്ദേശം പൊതുജനങ്ങളിലേയ്ക്കെത്തിക്കാൻ ദൂരദർശന്റെ മലയാളം ചാനൽ ചെയ്യുന്ന നടപടികൾ ഏറെ പ്രശംസനീയമാണ്. അനുഭവക്കുറിപ്പുകൾ, ഫീച്ചറുകൾ എന്നിവയ്ക്ക് പുറമേ ഇക്കഴിഞ്ഞവർഷം 'സ്നേഹസ്പർശം' എന്ന പരിപാടിയിൽ കൂടി ഒട്ടനേകം ഫോൺ-ഇൻ പരിപാടികളും ദൂരദർശൻ നടത്തി.

സമൂഹത്തിൽ എത്രയധികം വേദനയും ദുരിതവും നിറഞ്ഞു നിൽക്കുന്നു എന്ന് സ്നേഹസ്പർശത്തിലേയ്ക്കു വരുന്ന പരശതം ചോദ്യങ്ങളിൽനിന്ന് വ്യക്തമാകും.




*ദൂരദർശന്റെ സ്നേഹസ്പർശം പരിപാടിയിൽ കോഴിക്കോട് പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിലെ ഡോ.എം.സി. രാജശ്രീ.*

യഥാർത്ഥ ദീനരിലേയ്ക്ക് നമ്മുടെ ആരോഗ്യപരിപാലനരംഗം എത്തുന്നില്ല എന്നതും ഈ പരിപാടി നമുക്കു പറഞ്ഞുതരും.

വേദനിക്കുന്നവർക്കുവേണ്ടി ദൂരദർശന് നന്ദി പറയട്ടെ.

# ആ പൂമ്പാറ്റയും പറന്നുപോയി



*രമ്യ ആന്റണി*

**രമ്യ** ആന്റണി ഒടുവിൽ തന്റെ ശലഭച്ചിറകകുകൾ ഭൂമിയിലുപേക്ഷിച്ച് പറന്നകന്നു. അവൾ ബാക്കിവച്ചുപോയ കുറേ കവിതകളും നനുത്ത ഓർമകളും മാത്രം ഇനി ഭൂമിയിൽ ബാക്കി.

ഏതാനും ലക്കം മുമ്പ് സഹയാത്രയിൽ രമ്യ ആന്റണിയെപ്പറ്റി പറഞ്ഞിരുന്നു. പ്രതികൂലമായ വിധിയോടു പോരാടി ജീവിതവിജയം നേടാൻ യത്നിക്കുന്ന പെൺകുട്ടിയെപ്പറ്റി. അവളുടെ ആദ്യ കവിതാസമാഹാരമായ 'ശലഭായന'ത്തെപ്പറ്റിയും അതിലെ ഏതാനും കവിതകളും പ്രസ്തുത ലേഖനത്തോടൊപ്പം പ്രസിദ്ധീകരിച്ചിരുന്നു.

ബാല്യകാലത്തുതന്നെ പോളിയോ ബാധിച്ച് ശരീരം തളർന്ന രമ്യ തന്റെ ഇച്ഛാശക്തികൊണ്ട് സകലതിനേയും കീഴടക്കുകയായിരുന്നു. തിരുവനന്തപുരത്തെ പോളിയോ ഹോമിൽ താമസിച്ച് പഠിച്ച രമ്യ എസ്.എസ്.എൽ.സി മികച്ച മാർക്കോടെ വിജയിച്ചു. പിന്നെ ലൈബ്രറി സയൻസും ഡി.ടിപിയും പഠിച്ചു. അങ്ങിനെ കോവളത്തെ ഹോട്ടൽ ലീല കെംപിൻസ്കിയിൽ അസിസ്റ്റന്റ് ലൈബ്രേറിയനായി ജോലി നേടി. ഇക്കാലത്താണ് ഇന്റർനെറ്റിൽ സൗഹൃദക്കൂട്ടായ്മകൾ വഴി രമ്യ വലിയൊരു സുഹൃദ് വലയം സ്വന്തമാക്കിയത്.

ഇതിനിടയിലാണ് വായിലെ ചെറിയൊരു മുറിവിന്റെ രൂപത്തിൽ കാൻസർ രമ്യയെ ആക്രമിച്ചത്. അനുദിനം വഷളായി വന്ന രോഗത്തിന് പക്ഷെ, രമ്യയെ തളർത്താനായില്ല. അവൾ തനിക്കു സാന്ത്വനമരുളിയ സുഹൃത്തുക്കളുടെ കരങ്ങളിൽ തൂങ്ങി വിധിയോടു പൊരുതി. തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്ററിലായിരുന്നു രമ്യയുടെ ചികിൽസ. അവളുടെ ചികിൽസക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സുഹൃത്തുക്കൾ ഒത്തു ചേർന്നു. 'ഫ്രണ്ട്സ് ഓഫ് രമ്യ' എന്ന ഇന്റർനെറ്റ് കൂട്ടായ്മ രൂപീകൃതമായി. അവർ രമ്യയുടെ അതിജീവനത്തിനായി ഒരു തുക സംഭരിച്ചു.

കഴിഞ്ഞ ജനുവരി അവസാനവാരമായിരുന്നു രമ്യയ്ക്ക് ഡോക്ടർമാർ സർജറി നിശ്ചയിച്ചിരുന്നത്. ഓപ്പറേഷൻ തിയേറ്ററിലേക്കു കയറും മുമ്പ് തന്റെ കവിതകൾ പ്രസിദ്ധീകൃതമായിക്കാണാൻ രമ്യ ആഗ്രഹിച്ചിരുന്നു. ഇതു മനസ്സിലാക്കിയ സുഹൃത്തുക്കൾ ഇന്റർനെറ്റിലെ സൗഹൃദക്കൂട്ടായ്മയായ 'കൂട്ട്' ത്തിന്റെ ആഭിമുഖ്യത്തിൽ രമ്യയുടെ കവിതകൾ സമാഹരിച്ചു- 'ശലഭായനം' എന്ന പേരിൽ. തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ കവി കുരീപ്പുഴ ശ്രീകുമാർ ഡോ. ടി. എൻ. സീമയ്ക്ക് കോപ്പി നൽകിയാണ് പുസ്തകം പ്രകാശനം ചെയ്തത്. ഫൈൻ ആർട്സ് കോളജിലെ കൂട്ടുകാർ കവിതകൾക്ക് ദൃശ്യാവിഷ്കാരം നൽകുകയും ചെയ്തു.

സർജറി രമ്യയുടെ സ്ഥിതി കൂടുതൽ മോശമാക്കിയേക്കുമോ എന്ന് ഡോക്ടർമാർക്ക് ആശങ്കയു

ണ്ടായിരുന്നു. ഒരു പക്ഷേ, സംസാര ശേഷി പോലും നഷ്ടമായേക്കാം. കാൻസർ മുർധന്യാവസ്ഥയിലാണ്. ആയുസ്സിനു നീളം പോര. ആയുസ്സിന്റെ ദൈർഘ്യം എത്ര കുറഞ്ഞാലും അത്രയും നാൾ രമ്യ വാചാലയായി ജീവിക്കട്ടെയെന്ന് അവർ വിധിച്ചു. സർജറി മാറ്റിവച്ചു.

സർജറിയുടെ ആവശ്യമില്ലെന്നു ഡോക്ടർമാർ പറഞ്ഞുവെന്നു മാത്രമാണ് കൂട്ടുകാർ അവളോട് പറഞ്ഞിരുന്നത്. തന്റെ കൂട്ടുകാരെ അവൾക്ക് പൂർണവിശ്വാസമായിരുന്നു. പിന്നെ ഓരോ ദിവസവും രമ്യയുടെ സന്തോഷത്തിനുവേണ്ടിയാണ് അവർ ജീവിതം സമർപ്പിച്ചത്. അങ്ങിനെ രമ്യ സന്തോഷത്തോടെ ജീവിതത്തിലേക്കു തിരിച്ചുവന്നു.

ഇതിനിടയിൽ കുറച്ചുകാലം രമ്യയുടെ സംരക്ഷണച്ചുമതല വഹിച്ചിരുന്ന 'ശ്രദ്ധ'യിൽ വച്ച് ഒരു ഞായറാഴ്ച കൂട്ടുകാർ രമ്യയുടെ ശലഭച്ചിറകുകൾക്ക് നിറക്കൂട്ടുകളുടെ സൗന്ദര്യം പകർന്നു. രമ്യ എഴുതിയ കവിതകൾക്ക് ഫൈൻ ആർട്സ് കോളജിലെ കൂട്ടുകാർ നടത്തിയ ചിത്രാവിഷ്കാരം രണ്ടു ദിവസം ശ്രദ്ധയിൽ പ്രദർശിപ്പിച്ചു. ഏറെ സന്തോഷവതിയായിരുന്ന രമ്യ അന്ന് അവിടെ തന്റെ കവിതകൾ ചൊല്ലി, ഒട്ടും പതറാത്ത ശബ്ദത്തിൽ.

കൂട്ടുകാരൊരുക്കിയ സ്നേഹത്തണലിൽ രമ്യ മാധ്യമങ്ങളുടെയും പ്രിയങ്കരിയായി മാറിയിരുന്നു. മലയാളത്തിലെ ഒട്ടു മിക്ക പത്രങ്ങളും ചാനലുകളും രമ്യയുടെ കഥ പ്രസിദ്ധീകരിച്ചു. രമ്യയുമായി ബന്ധപ്പെട്ട മിക്ക ചടങ്ങുകൾക്കും മാധ്യമങ്ങൾ ഏറെ ഇടം നൽകി. ജൂലൈ മാസത്തിൽ നടന്ന ചടങ്ങിൽ വച്ച് അവളുടെ വലിയൊരു ആഗ്രഹം കൂടി കൂട്ടുകാർ നടത്തിക്കൊടുത്തു. സ്വന്തമായി മൂന്നു ചക്രങ്ങളുള്ള ഒരു സ്കൂട്ടറും ലാപ്ടോപ്പുമായിരുന്നു അത്. മന്ത്രി എം. വിജയകുമാറാണ് സ്കൂട്ടറും ലാപ്ടോപ്പും രമ്യക്കു കൈമാറിയത്.

ഒപ്പം ഒരു ലക്ഷം രൂപ അവളുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തിയതിന്റെ രേഖകളും.

രണ്ടോ മൂന്നോ ആഴ്ച മാത്രമാണ് അവ ഉപയോഗിക്കാൻ രമ്യയെ വിധി അനുവദിച്ചത്. പനിയുടെ രൂപത്തിലെത്തിയ തളർച്ച അവളെ വീണ്ടും ആർ.സി.സിയിലാക്കി. ഓഗസ്റ്റ് ആറിനു പുലർച്ചെ രണ്ടരയോടെ രമ്യയെന്ന പൂമ്പാറ്റ, ഇരുപത്തിമൂന്നാമത്തെ വയസ്സിൽ, തന്റെ ശലഭച്ചിറകുകൾ കൂട്ടുകാർക്ക് സമ്മാനിച്ച് വിടപറഞ്ഞു. തിരുവനന്തപുരത്ത് മങ്കാട്ടുകടവിനു സമീപത്തെ വാടകവീട്ടിൽ പൊതുദർശനത്തിനുവച്ച ശേഷം അതിനു സമീപം, പഞ്ചായത്തിൽ നിന്നു ലഭിച്ച മൂന്നു സെന്റ് സ്ഥലത്ത് രമ്യയെ അടക്കം ചെയ്തു. അവിടെയൊരു വീടു പണിത് താമസം മാറണമെന്ന അവളുടെ ആഗ്രഹം മാത്രം സാധിച്ചുകൊടുക്കാൻ കൂട്ടുകാർക്കായില്ല.

രമ്യയുടെ രണ്ടാമത്തെ കവിതാസമാഹാരവും രമ്യ ചീഫ് എഡിറ്ററായി 'ലിഖിതം' എന്ന പേരിൽ ഒരു വെബ് പോർട്ടലും അണിയറയിൽ ഒരുങ്ങി വരുമ്പോഴാണ് വിധി അവളെ അപഹരിച്ചത്. രമ്യയുടെ സ്വപ്നങ്ങൾക്കു ചിറകു നൽകുന്നതിനായി 'ഫ്രണ്ട്സ് ഓഫ് രമ്യ'യുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. രമ്യ തുടക്കമിട്ട 'ലിഖിത'ത്തിന്റെ പ്രവർത്തനങ്ങളുമായി സംഘം മുന്നോട്ടു പോകും. ഒപ്പം രമ്യയുടെ അവസാന നാളുകളിലെ കവിതകളും ഡയറിക്കുറിപ്പുകളും ചേർത്ത് 'സ്പർശം' എന്ന പേരിൽ പുസ്തകവുമിറക്കും. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന വിജയം നേടുന്ന പോളിയോ ബാധിതയായ പെൺകുട്ടിക്ക് ഓരോ വർഷവും 10,000 രൂപയുടെ കാഷ് അവാർഡ് നൽകുകയാണ് മറ്റൊരു ബൃഹത് പരിപാടി. 'സ്പർശം' വിറ്റു കിട്ടുന്ന പണത്തിൽ നിന്ന് ഇതിനാവശ്യമായ തുക കണ്ടെത്താനാണ് ശ്രമം. കാൻസർ രോഗികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയ്ക്കു രൂപം നൽകാനും 'ഫ്രണ്ട്സ് ഓഫ് രമ്യ' തീരുമാനിച്ചിട്ടുണ്ട്.

■





# ഡൈക്ലോഫെനാക് പ്രതിക്കൂട്ടിൽ

സ്റ്റാഫ് ക്ലബ്

**ഡെ**ൻമാർക്കിൽ നടന്ന ഒരു പഠനം ഡൈക്ളോഫെനാക് (വോവറാൻ, ഡൈക്ളോജസിക്, ഡൈക്ളോമോൾ, ഡൈക്ളോറാൻ എന്നിങ്ങനെ പലതിലും അടങ്ങിയിട്ടുള്ള മരുന്ന്) അപകടകാരിയാണെന്ന് കാണിക്കുന്നു. തികച്ചും പുതിയ കാര്യമെന്നു പറഞ്ഞു കൂടാ. കുറച്ചു കാലമായി ഡൈക്ളോഫെനാക് പ്രതിക്കൂട്ടിലാണ്. ഇപ്പോൾ തെളിവ് കൂടുതൽ ശക്തമായിരിക്കുന്നു.

സുപ്രസിദ്ധവും ആധികാരികവുമായ "സർക്കുലേഷൻ" എന്ന ജേർണലിന്റെ 2010 ജൂൺ 8-ലെ ലക്കത്തിലാണ് ഡോ. എമിൽ എൽ. ഫോസ് ബോളും സഹപ്രവർത്തകരും ചേർന്ന് ഈ പഠനഫലം പ്രസിദ്ധീകരിച്ചിട്ടുള്ളത്. 1997 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ ഡെൻമാർക്കിൽ പത്തു വയസ്സിനു മുകളിൽ 46 ലക്ഷത്തിലേറെപ്പേരുണ്ടായിരുന്നതിൽ പകുതിയോളം പേർക്ക് ഒരു പ്രാവശ്യമെങ്കിലും എൻ.എസ്.ഐ.ഐ.ഡി. (NSA ID) വർഗ്ഗത്തിലെ മരുന്നുകൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇവരിലെ 10 ലക്ഷത്തിൽപരം പേരാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നത്.

പഠനത്തിൽ നിന്ന് ഏറ്റവും പ്രധാനമായ കണ്ടെത്തലായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ഇവയാണ്.

| മരുന്ന് | ഹൃദയാഘാത മരണസാധ്യത | ഹൃദയാഘാതം | മസ്തിഷ്കാഘാതം (stroke) |
|---|---|---|---|
| ഇബുപ്രോഫൻ<br>ഏതു ഡോസിലും | 0.88 | 1.31 | 1.47 |
| ≤ 1200 mg/24 മണിക്കൂർ | 079 | 1.24 | 1.39 |
| > 1200 mg/24 മണിക്കൂർ | 1.63 | 1.94 | 2.22 |
| ഡൈക്ലോഫെനാക്<br>ഏതു ഡോസിലും | 1.20 | 1.83 | 2.00 |
| ≤ 100 mg/24 മണിക്കൂർ | 0.80 | 1.39 | 1.33 |
| > 1200 mg/24 മണിക്കൂർ | 1.46 | 2.10 | 2.41 |
| റോഫി കോക്സിബ്<br>ഏതു ഡോസിലും | 1.64 | 1.84 | 1.12 |
| ≤ 25 mg/24 മണിക്കൂർ | 1.60 | 1.82 | 1.10 |
| > 25 mg/24 മണിക്കൂർ | 2.77 | 2.36 | 1.79 |
| നാപ്രോക്സൻ<br>ഏതു ഡോസിലും | 0.86 | 0.78 | 1.54 |
| ≤ 500/24 മണിക്കൂർ | 0.84 | 0.69 | 1.55 |
| > 500 മണിക്കൂർ/24 മണിക്കൂർ | 0.92 | 1.22 | 1.48 |

1) ഹൃദയാഘാതം ഉണ്ടാക്കാനുള്ള സാധ്യത റോഫി കോക്സ്ബിനും ഡൈക്ളോഫെനാകിനും കൂടുതലാണ്. (റോഫികോക്സിബ് ഇപ്പോൾ മാർക്കറ്റിലില്ല).

2) ഇതേ വർഗ്ഗത്തിൽപ്പെട്ട നാപ്രോക്സൻ എന്ന മരുന്ന് താരതമ്യേന ഇക്കാര്യത്തിൽ അപകടരഹിതമാണ്.

ഈ വർഗ്ഗത്തിലെ നാലു മരുന്നുകളുടെ പഠനഫലം ഇതൊടൊപ്പം (പട്ടിക കാണുക) കൊടുത്തിരിക്കുന്നു. അൽപം വിശദമായി പഠിച്ചാൽ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരും.

1. വലിയ ഡോസിൽ കൊടുത്താൽ പോലും ഹൃദയത്തിന്റെയും തലച്ചോറിന്റെയും കാര്യത്തിൽ താരതമ്യേന അപകടരഹിതമായത് നാപ്രോക്സൻ തന്നെയാണ്. എന്നാൽ 400 mg വീതം മൂന്നുനേരം കഴിക്കുകയാണെങ്കിൽ ഇബുപ്രോഫനും അപകട സാധ്യത അത്രമാത്രമേ ഉള്ളൂ.

2. ഈ പട്ടികയിൽ കൊടുത്തിട്ടില്ലെങ്കിലും സെലികോക്സിബ് എന്ന മരുന്നും പഠനത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിന് അപകടസാധ്യത കുറവായാണ് ഈ പഠനത്തിൽ കാണുന്നതെങ്കിലും മുമ്പു നടത്തിയ പഠനങ്ങളിൽ സെലികോക്സിബിനും അപകട സാധ്യത ഉണ്ട് എന്നു കണ്ടിട്ടുണ്ട്.

ഈ പഠനം ഈ വിഷയത്തിലെ അവസാനവാക്കാണെന്നൊന്നും പറയാനാവില്ല. എന്നു വരികിലും ഹൃദയത്തിനും മസ്തിഷ്കത്തിനും ഉള്ള അപകടസാധ്യത കണക്കിലെടുക്കുമ്പോൾ ഡൈക്ളോഫെനാക്കിന്റെ ഉപയോഗം കുറയ്ക്കുന്നതാണ് നല്ലതെന്നു ഈ പഠനം കാണിക്കുന്നു. നാപ്രോക്സനോ, 400 മില്ലിഗ്രാം മൂന്നുനേരത്തിൽ കവിയാതെ ഇബുപ്രോഫനോ ആയിരിക്കും കൂടുതൽ അപകടരഹിതം. ■

## നിങ്ങൾക്ക് ഒരു അവസരം

മറ്റൊരാളെ പ്രാണവേദനയിൽ നിന്ന് കരകയറ്റി, ഒരൽപ്പം ജീവിതം അയാൾക്ക് നൽകിയാൽ അത് ഒരു വലിയ കാര്യം ആകുമെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?

എങ്കിൽ സ്വാഗതം.

വേദന മാറ്റുന്നതിന്റെ, ഒരു കവിളിലെ കണ്ണുനീർ തുടയ്ക്കുന്നതിന്റെ, ഒരു കുടുംബത്തിനെ നിരാശയിൽ നിന്ന് ജീവിതത്തിലേക്ക് കയറ്റുവാൻ ഒരു കൈ കൊടുക്കുന്നതിന്റെ, സുഖം അനുഭവിച്ചറിയുവാൻ ഞങ്ങളുടെ കൂടെ വരൂ.

നിങ്ങൾക്ക് സമയമുണ്ടെങ്കിൽ ഒരു വോളണ്ടിയറാകൂ. അതിന് സാധിക്കുന്നില്ലെങ്കിൽ, ഈ പ്രവർത്തനത്തിന് ഒരു സംഭാവന നൽകൂ. ഒരു തുകയും തീരെ ചെറുതായി പോകില്ല. (സംഭാവനകൾക്ക് 80ജി പ്രകാരം ആദായ നികുതിയിൽ കിഴിവ്)

പേര് ..........................................................

വയസ്സ് ..........................................................

മേൽവിലാസം ..........................................................

..........................................................

ഫോൺ ..........................................................

ഇ-മെയിൽ ..........................................................

(ദയവു ചെയ്ത് ✓ അടയാളം ചെയ്യൂ)

☐ എനിക്ക് സന്നദ്ധസേവനത്തിന് താൽപ്പര്യം ഉണ്ട്.

☐ ദിവസവും. ☐ ആഴ്ചയിൽ ......... ദിവസം

☐ ഞാൻ ഒരു സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്നു

.................................................... രൂപയ്ക്കുള്ള ചെക്ക്

(നമ്പർ ........................... തീയതി ...........................) അയയ്ക്കുന്നു

(ചെക്ക്/ഡി.ഡി "Pallium India"യുടെ പേരിൽ തിരുവനന്തപുരത്ത് മാറാൻ)

☐ ഒരു രോഗിയുടെ ചികിത്സച്ചെലവ് നൽകാൻ

എനിക്ക് താൽപര്യം ഉണ്ട്. എന്നെ വിളിക്കുക.

☐ ഒരു വർഷത്തേക്ക് Rs. 50,000.00

☐ ഒരു മാസത്തേക്ക് Rs. 4250.00

☐ ഒരാഴ്ചത്തേയ്ക്ക് Rs. 1000.00

*അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ "ദുഃസ്സഹമായ വേദന: പാലിയേറ്റീവ് കെയർ ലഭ്യമാക്കാൻ ഭാരതത്തിന്റെ കടമ" എന്ന പ്രസിദ്ധീകരണത്തിന്റെ മലയാള പരിഭാഷയുടെ ഒമ്പതാം ഭാഗമാണിത്. "മറുവശം: വേദന ചികിത്സിക്കപ്പെടുമ്പോൾ" എന്ന അധ്യായത്തിന്റെ ആദ്യ രണ്ടുഭാഗങ്ങൾ കഴിഞ്ഞ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നു വായിക്കുക.*

# പാലിയേറ്റീവ് കെയർ സെന്ററിലേയ്ക്കുള്ള ദൂരം

"എത്ര വികലമായ സ്ഥിതി! മോർഫിൻ ഗുളികയുടെ വില നിസ്സാരം. പക്ഷേ അതു വാങ്ങാൻ ആളുകൾ 3000 രൂപ ചിലവാക്കി യാത്ര ചെയ്യേണ്ടി വരുന്നു!"

– ഡോ. ഗായത്രി പാലാട്ട്, എം.എൻ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി.

പാലിയേറ്റീവ് കെയർ ആവശ്യമുള്ള പല രോഗികളും അതു ലഭ്യമായ സ്ഥലങ്ങളിൽ നിന്ന് വളരെ ദൂരെയാവും താമസിക്കുക. പാലിയേറ്റീവ് കെയർ ലഭ്യമായ ആശുപത്രികൾ വളരെ കുറവ്; സമൂഹത്തിൽ ഇറങ്ങിച്ചെന്ന് പാലിയേറ്റീവ് കെയർ നൽകുന്ന പ്രസ്ഥാനങ്ങളുമില്ല എന്ന അവസ്ഥ കാരണമാണിങ്ങനെ വരുന്നത്. ഞങ്ങളോടു സംസാരിച്ച അധികം രോഗികൾക്കും പാലിയേറ്റീവ് കെയർ ലഭ്യമാകാൻ കാലതാമസമുണ്ടായതിന്റെ പ്രധാനകാരണവും ഇതുതന്നെ. പക്ഷേ സമൂഹത്തിൽ അധിഷ്ഠിതമായ പ്രസ്ഥാനങ്ങളിൽ കൂടിയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും മുഖേനയും എളുപ്പത്തിലും കുറഞ്ഞചെലവിലും പാലിയേറ്റീവ് കെയർ ലഭ്യമാക്കാൻ സാധിക്കും എന്നതാണ് വസ്തുത.




ഹൈദരാബാദിലെ എം.എൻ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിയോ ജയ്പൂരിലെ ഭഗവാൻ മഹാവീർ കാൻസർ സെന്ററോ പോലെയുള്ള വലിയ കാൻസർ ആശുപത്രികളിലെ ധാരാളം രോഗികൾ കുറെ ദൂരദേശങ്ങളിൽ നിന്നുള്ളവരായിരിക്കും. ഉദാഹരണത്തിന്, എം.എൻ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിയിലെ പല രോഗികൾക്കും ആശുപത്രിയിലെത്താൻ ഒമ്പതു മണിക്കൂറൊക്കെ യാത്ര ചെയ്യേണ്ടി വരുന്നത് അസാധാരണമല്ല. ഈ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ഇത്തരം രോഗികൾക്കും സേവനം നൽകാൻ ശ്രമിക്കാറുണ്ട്. രണ്ടാഴ്ചത്തേയ്ക്കോ ഒരു മാസത്തേയ്ക്കോ ഉള്ള ഓറൽ മോർഫിൻ കൊടുത്തയച്ചോ, വീണ്ടും രോഗി വന്നില്ലെങ്കിലും ബന്ധുക്കൾ മുഖേന മരുന്നു കൊടുത്തയച്ചോ, അല്ലെങ്കിൽ യാത്രചെലവു നൽകി സഹായിച്ചോ ഒക്കെ. പക്ഷേ ഇങ്ങനെയൊന്നും ചെയ്തതുകൊണ്ട് ഫലപ്രദമായ വേദനചികിത്സയും

സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണവും നൽകാനാവില്ല. ഡോ. ഗായത്രി പാലാട്ട് പറഞ്ഞു, "ജീവിതാന്ത്യത്തിൽ നല്ല പരിചരണം കൊടുക്കാൻ ഞങ്ങൾക്കാവുന്നില്ലല്ലോ. ആളുകൾ സ്വന്തം ഗ്രാമങ്ങളിൽ പോയി മരിക്കാനാഗ്രഹിക്കുമ്പോൾ. ഭഗവാൻ മഹാവീർ കാൻസർ സെന്ററിലെ ഡോ. അൻജും ജോഡ് ഇതേ വികാരമാണു പ്രകടിപ്പിച്ചത്.

"ആശുപത്രിയിൽ വച്ചുള്ള പാലിയേറ്റീവ് കെയറാണ് ഞങ്ങൾ നൽകുന്നത്. ഗ്രാമങ്ങളിലുള്ള രോഗികളുമായി ബന്ധം തുടരുക വളരെ ദുഷ്ക്കരമാണ്. പലപ്പോഴും രോഗികൾക്ക് എന്തു സംഭവിക്കുന്നു എന്നു ഞങ്ങളറിയുന്നില്ല. ചിലരൊക്കെ വിളിച്ച് രോഗി മരിച്ചു എന്നറിയിക്കും. ചിലരുടെ കാര്യം പത്രത്തിലെ ചരമ വാർത്തയിലാണു കാണുക."

ഇത്തരം രോഗികൾക്ക് ശരിയായ പാലിയേറ്റീവ് കെയർ ലഭ്യമാകണമെങ്കിൽ അത് അവർ വസിക്കുന്ന സമൂഹത്തിൽ തന്നെ ഉണ്ടായിരിക്കണം, അതാതു സ്ഥലത്തെ ആശുപത്രികളിലും മരുന്നുവിതരണ സ്ഥാപനങ്ങളിലും മോർഫിൻ ഉണ്ടായിരിക്കുകയും വേണം.

ദൂരം പലപ്പോഴും രോഗികൾക്ക് ഒരു ധർമ്മസങ്കടം ഉണ്ടാക്കാറുണ്ട്. ഒന്നുകിൽ അവർ ചികിത്സയേ വേണ്ടെന്നു വയ്ക്കണം, അല്ലെങ്കിൽ ദൂരയാത്ര ചെയ്യുകയോ ബന്ധുക്കളെ (പലപ്പോഴും ഈ ഒരാൾ മാത്രമായിരിക്കും രോഗിയെ ശുശ്രൂഷിക്കാനുണ്ടാവുക) മരുന്നു വാങ്ങാൻ പറഞ്ഞു വിടുകയോ ചെയ്യണം. യാത്രച്ചെലവാണ് മറ്റൊരു വലിയ പ്രശ്നം. രോഗികളും കുടുംബങ്ങളും പലപ്പോഴും കടത്തിൽ മുങ്ങിക്കഴിഞ്ഞിരിക്കും, ആദ്യമുള്ള പരിശോധനകളും രോഗചികിത്സയും നടക്കുമ്പോൾ.. പാലിയേറ്റീവ് കെയർ സൗജന്യമായി ലഭ്യമായാൽ പോലും യാത്രച്ചെലവ് അവരെ കടത്തിന്റെ ആഴത്തിലേയ്ക്ക് തള്ളിവിടും.

ഹ്യൂമൻ റൈറ്റ്സ് വാച്ച് അഭിമുഖസംഭാഷണം നടത്തിയ പലരോഗികളും തങ്ങൾക്ക് വേദനയിൽ നിന്ന് ആശ്വാസവും പാലിയേറ്റീവ് കെയറും കിട്ടാൻ നീണ്ട ദൂരം സഞ്ചരിക്കേണ്ടി വന്ന കഷ്ടപ്പാടുകൾ വിവരിക്കുകയുണ്ടായി. ശ്വാസകോശ അർബുദം ബാധിച്ച മുസാഫർ ഇക്ബാൽ ഹൈദരാബാദിൽ നിന്ന് 500 കിലോമീറ്റർ ദൂരെ ഒരു പട്ടണത്തിലാണ് താമസിക്കുന്നത്. അദ്ദേഹം പറഞ്ഞു.

"വേദനയ്ക്കു മരുന്നു വാങ്ങാനായി ഇത്രയും ദൂരം സഞ്ചരിക്കാൻ എനിക്ക് പ്രയാസമാണ്. എന്റെ നാട്ടിൽ ഇതു കിട്ടിയിരുന്നെങ്കിൽ! കാൽ വേദന കാരണം എനിക്കിപ്പോൾ ഓട്ടോറിക്ഷ ഓടിക്കാൻ വയ്യ. ഞാനിപ്പോൾ ഒരു ഭിക്ഷക്കാരനെപ്പോലെ ആയി. പൈസയ്ക്കും ഭക്ഷണത്തിനും അയൽക്കാരുടെ മുമ്പിൽ കൈനീട്ടണം. ഈ മരുന്നു വാങ്ങാൻ വരണമെങ്കിലും യാത്രച്ചെലവ് ആരോടെങ്കിലും ചോദിക്കണം."

**വേദന ചികിത്സയും പാലിയേറ്റീവ് കെയറും ചോദ്യമാവുമ്പോൾ**

ഞങ്ങൾ സംസാരിച്ച രോഗികളിൽ ഒരു ചെറിയ ന്യൂനപക്ഷത്തിന് വേദന തുടങ്ങിയപ്പോഴോ അല്ലെങ്കിൽ അപകടകരമായ ഒരു രോഗം കണ്ടുപിടിച്ചപ്പോഴോ ഉടൻ തന്നെ വേദന ചികിത്സയും പാലിയേറ്റീവ് കെയറും ലഭിച്ചിരുന്നു. ഈ ഭാഗ്യം ലഭിച്ചവർ ഒന്നുകിൽ സാമൂഹ്യാധിഷ്ഠിത പാലിയേറ്റീവ് കെയർ ധാരാളം ലഭ്യമായ കേരളസംസ്ഥാനത്തുള്ളവരായിരുന്നു, അല്ലെങ്കിൽ അവർ പാലിയേറ്റീവ് കെയർ ലഭ്യമായ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കപ്പെട്ടു. മറ്റു ചിലർക്ക് ആശുപത്രിയിൽ എത്തിക്കഴിഞ്ഞ ശേഷമാണ് പാലിയേറ്റീവ് കെയർ ആവശ്യമായി വന്നത്.

ഒരുദാഹരണമാണ് കേരളത്തിലെ, ശ്വാസകോശത്തിൽ കാൻസർ ബാധിച്ച എഴുത്തുകാരനായ അജയ് ജയകൃഷ്ണൻ. 2007ന്റെ രണ്ടാം പകുതിയിലാണ് ജയകൃഷ്ണൻ രോഗിയായത്. കുറെ പരിശോധനകൾക്കു ശേഷം അയാൾ തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിലേയ്ക്ക് അയയ്ക്കപ്പെട്ടു. അവിടെ, ഡോക്ടർമാർ ഒരു ശ്വാസകോശം നീക്കം ചെയ്തു; കീമോതെറാപ്പിയും തുടങ്ങി. കുറെ ചികിത്സ ചെയ്തു കഴിഞ്ഞ സ്ഥിതിയിലാണ് അയാൾക്ക് വേദന തുടങ്ങിയത്. അയാളുടെ ഡോക്ടർ അയാൾക്ക് വേദനയ്ക്ക് മരുന്നുകൾ നൽകാൻ തുടങ്ങി. ആദ്യം ശക്തി കുറഞ്ഞതരം ഒപ്പിയോയ്ഡ് മരുന്നുകളും, പിന്നെ ഓറൽ മോർഫിനും. അയാളുടെ ഭാര്യ ഹ്യൂമൻ റൈറ്റ്സ് വാച്ചിനോട് പറഞ്ഞു, "ഞങ്ങൾക്ക് ചികിത്സയിൽ ഒരു കാലതാമസവും അനുഭവപ്പെട്ടില്ല. എന്റെ ഭർത്താവിന് വേദനയുള്ളപ്പോൾ ഞാൻ ഡോക്ടറെ വിളിക്കും, ഡോക്ടർ മരുന്നു കുറിച്ചുതരും. ഇതാ, കുറെ ആഴ്ചകളായി അയാൾ ഓറൽ മോർഫിൻ കഴിക്കുന്നു. പൊതുവെ നല്ല ആശ്വാസമാണ്."

അയാളുടെ കാൻസർ വർധിച്ചപ്പോൾ പൊതു പങ്കാളിത്തത്തോടെയുള്ള ഒരു പാലിയേറ്റീവ് കെയർ സംഘം വീട്ടിലെത്തി അയാൾക്ക് ശുശ്രൂഷ നൽകാൻ തുടങ്ങി – മരുന്നുകൾ നൽകിയും, അയാൾക്കും കുടുംബത്തിനും ആവശ്യമായ കൗൺസലിംഗ് കൊടുത്തും. ആ പാലിയേറ്റീവ് കെയർ സംഘത്തിന്റെ കൂടെ ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ ഒരു ഗവേഷകൻ വീട്ടിൽ കിടക്കപ്പായിലായ, കൂടുതൽ അവശനായി വരുന്ന ജയകൃഷ്ണനെ സന്ദർശിച്ചു.

*(അടുത്തലക്കത്തിൽ:*

വേദനചികിത്സയും പാലിയേറ്റീവ് കെയറും ലഭ്യമല്ലാത്തതിന്റെ കാരണങ്ങൾ.)

■

*ആസ്ട്രേലിയൻ പാലിയേറ്റീവ് ലിങ്ക് ഇന്റർനാഷണൽ (എ.പി.എൽ.ഐ) എന്ന സംഘടനയുടെ വാർത്താ പത്രികയുടെ 2010 ഏപ്രിൽ ലക്കത്തിൽ നിന്നുള്ള ലേഖനങ്ങളുടെ രണ്ടാം ഭാഗമാണിത്. "ഹംരാഹി" എന്ന സംരംഭത്തെപ്പറ്റിയും മറ്റും കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. വിദേശീയർ നമ്മുടെ നാടിനെയും പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തെയും എങ്ങനെ കാണുന്നു എന്നു മനസ്സിലാക്കാൻ ഈ മൂന്നു ലേഖനങ്ങൾ പ്രയോജനപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.*

# ടിപ്സ് : ചില അഭിപ്രായങ്ങൾ

*ഡോ. ജൂഡിത്ത് മാക് എനിയറി*

**എ**ന്റെ സന്ദർശനത്തിന്റെ വിവരണത്തിലേക്കു കടക്കുമുമ്പ് തിരുവനന്തപുരത്ത് നടക്കുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെപ്പറ്റി പറയേണ്ടതുണ്ട്. പാലിയേറ്റീവ് കെയറിൽ പ്രവർത്തിക്കുന്ന ഒരു 'ചാരിറ്റബിൾ ട്രസ്റ്റ്' ആണ് പാലിയം ഇന്ത്യ. Trivandrum Institute of Palliative Sciences (TIPS) സ്ഥാപിതമായത് സന്നദ്ധപ്രവർത്തർക്കും ആരോഗ്യരക്ഷാ പ്രവർത്തകർക്കും വിവിധ കാലയളവുകളിലുള്ള പരിശീലനം നൽകുന്നതിനാണ്.

ദില്ലിയിൽ നിന്ന് വന്ന് ടിപ്സിൽ ഒരു ഹ്രസ്വകാല പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന ഒരു ഡോക്ടർക്കും നഴ്സിനുമൊപ്പം നഗരഹൃദയത്തിലൂടെ ഓട്ടോറിക്ഷയിൽ സഞ്ചരിച്ചപ്പോൾ നാനാവിധകർമ്മങ്ങളിൽ വ്യാപൃതമായ ഇന്ത്യയുടെ ദൃശ്യങ്ങളും ശബ്ദങ്ങളും ഞാൻ തൊട്ടറിയുകയായിരുന്നു. ഒരു അനസ്തെറ്റിസ്റ്റായ ഈ ഡോക്ടർ ആൻ തൈൽ പിന്നീട് ഹംരാഹി പ്രോജക്ടിലെ എന്റെ പങ്കാളിയായി വന്നു.

ടിപ്സിൽ ഡോക്ടർമാർ എന്നെ സ്വാഗതം ചെയ്യുകയും മറ്റുള്ളവരെ അവിടെവച്ച് പരിചയപ്പെടുകയും ചെയ്തു. അപ്പോൾ ഇൻപേഷ്യന്റായി ഉണ്ടായിരുന്നവരുടെ വാർഡിൽ ഞങ്ങൾ പോയി. ചികിത്സാ സംബന്ധിയായ പ്രശ്നങ്ങൾക്കു പൊതു സ്വഭാവമായിരുന്നെങ്കിലും അവിടെ കണ്ട അതീവലളിതവും ദയനീയവുമായ അവസ്ഥ എനിക്കു പരിചിതമായ സമ്പന്ന ആസ്ട്രേലിയൻ സംവിധാനത്തിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു.

പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും ലഭിച്ച 'ചായ' സമയങ്ങൾ വളരെ ഹൃദ്യമായിരുന്നു; എല്ലാവരുമായും ആശയവിനിമയത്തിന് ഉതകുകയും ചെയ്തു.

ആദ്യദിവസം തന്നെ വൈകുന്നേരം ഒന്നോ രണ്ടോ ക്ലാസുകളെടുക്കണമെന്ന അഭ്യർത്ഥന വന്നപ്പോൾ അത് തികച്ചും അപ്രതീക്ഷിതമായിരുന്നു. ഡോക്ടർമാരും നഴ്സുമാരുമടങ്ങിയ സദസ്സ് വളരെ ശ്രദ്ധയർപ്പിച്ചു എങ്കിലും ചർച്ചകളിൽ നഴ്സുമാർ കാര്യമായി പങ്കെടുത്തില്ല. പിന്നീട് ഞാനവലംബിച്ച രീതി വർണ്ണശബളമായ അനുഭവങ്ങൾക്കും മുന്നറിവുകൾക്കും ഉടമകളായ ഒരു ഗ്രൂപ്പിനോട് സംവദിക്കുക എന്നതായിരുന്നു. അവരുടെ പ്രതികരണങ്ങളിൽ നിന്നും ചർച്ചാവിഷയങ്ങളിൽ എനിക്കു ധാരാളം അറിവു ലഭിച്ചു.



ഇന്ത്യയുടെ നാനാഭാഗത്തുനിന്നും TIPS ൽ വന്ന ചികിത്സകരുടെ ക്ലാസ്സുകളിൽ നിന്നും അവർക്ക് ലഭിച്ചതായിരുന്നു ഈ അറിവുകൾ.

'ഗൃഹപരിചരണസംഘത്തോടൊപ്പം ചേർന്ന ദിവസം രോഗികൾക്ക് പുറമെ എന്നെ ആകർഷിച്ചത് വേറെ ചില കാര്യങ്ങളാണ് - റബ്ബർ കറ ശേഖരണം, ചക്കകൾ, അതിമനോഹരമായ പരഭാഗദൃശ്യങ്ങൾ, തുടുത്ത മുഖവും തിളങ്ങുന്ന കണ്ണുകളുമുള്ള വൃത്തിയായി യൂണിഫോം ധരിച്ച സ്കൂൾ കുട്ടികൾ... അങ്ങനെ പലതും. നന്നെ പരിമിതമായ സൗകര്യം മാത്രമുള്ള ഒ.പി. മുറിയിൽ ഡോക്ടറുടെ കൂടെ ഞാനറിയുകയായിരുന്നു രോഗികൾക്ക് മാത്രമല്ല ബന്ധുക്കൾക്കും അവിടെ നിന്നും ലഭിക്കുന്ന അളവുകളില്ലാത്ത സാന്ത്വനവും കൈത്താങ്ങും. ജോലിസ്ഥലത്തുവെച്ച് അപകടം പറ്റിയ ഒരു യുവാവിന് (ആസ്ട്രേലിയയിലാണെങ്കിൽ നല്ലൊരു ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ്) പാലിയം ഇന്ത്യ നൽകിയത് സാന്ത്വനം മാത്രമല്ല ഉപജീവന മാർഗ്ഗം കൂടിയാണ്. വർഷങ്ങൾക്ക് മുമ്പ് അയാളുടെ സഹോദരൻ എയ്ഡ്സ് വന്നു മരിച്ചിരുന്നു. ഈ സഹചര്യത്തിൽ അയാൾക്കൊരു ബിസിനസ്സ് ഏർപ്പാടാക്കുകയാണ് പാലിയം ഇന്ത്യ ചെയ്തത്. പാലിയേറ്റീവ് കെയറിന്റെ എല്ലാ നിർവ്വചനങ്ങൾക്കുമപ്പുറത്തേക്ക് പാലിയം ഇന്ത്യ വളരുന്ന നാടകീയത ഇതിലുണ്ട്.

ഹോസ്പിറ്റലിനകത്താകട്ടെ, പുറത്താകട്ടെ, വീട്ടിലാകട്ടെ പാലിയേറ്റീവ് കെയറിന്റെ പരിധിയിൽ വരുന്ന രോഗാവസ്ഥകൾ ഇവിടെ കൂടുതൽ വൈപുല്യമാർന്നതായി എനിക്കു തോന്നി. വെറും 22 വയസ്സുള്ള ഒരു പാരാപ്ലെജിക് രോഗി, റൂമാറ്റോയ്ഡ് ആർത്രൈറ്റിസുകൊണ്ട് വളഞ്ഞൊടിഞ്ഞുപോയ ഒരു ദരിദ്ര സ്ത്രീ തുടങ്ങിയവരെ ഞങ്ങൾ സന്ദർശിച്ചു.

സന്നദ്ധപ്രവർത്തകർക്ക് വേണ്ടത്ര വിശദീകരണങ്ങളും നിർദ്ദേശങ്ങളും നൽകുക വഴി ഫാർമസിയുടെ പരമാവധി ഉപയോഗം നിറവേറുന്നു. ഫാർമസിസ്റ്റുകളുടെ ഇരട്ടിയോളമുണ്ട് നഴ്സുമാരുടെ എണ്ണം. ഒരു വെള്ളപ്പേപ്പറിൽ ഞങ്ങൾ ദിവസവും എഴുതിക്കൂട്ടുന്ന മരുന്നുകളുടെ കാര്യമോർക്കുമ്പോൾ ഇതൊക്കെ അത്ഭുതകരം തന്നെ! ■

# ട്രിച്ചി പാൽകോൺ ഓർമ്മയിൽ

*ഡോ. സോക് ഹുയി ഗോ*

**ഇ**ന്ത്യയിലേക്കുള്ള എന്റെയീ ആദ്യസന്ദർശനം പ്രഥമ ആഫ്രിക്കൻ സന്ദർശനം പോലെയാവുമോ എന്നൊരു ചിന്ത ഉള്ളിലുണ്ടായിരുന്നു. പതിനഞ്ച് മണിക്കൂർ യാത്ര ചെയ്ത് രാത്രി വൈകി ചെന്നൈയിൽ എത്തിയപ്പോൾ സ്വീകരിച്ച് ഹോട്ടലിലെത്തിക്കാനാളുണ്ടായിരുന്നു എന്നതുതന്നെ ഒരു സ്വാഗതമായിരുന്നു. നന്ദി പറയേണ്ടത് സമ്മേളനസംഘാടകനായ ഡോക്ടർ മോഹനോടാണ്. ആദ്യാനുഭവം ആഫ്രിക്കയിൽ നിന്നും വളരെയൊന്നും വിഭിന്നമായിരുന്നില്ല - ചൂട്, വിയർപ്പ്, നാറ്റം, എയർ പോർട്ടിനു ചുറ്റുമുള്ള ചേരികൾ...

എന്നെ തീർത്തും വിസ്മയഭരിതയാക്കിയ ആളുകളെയും ഇന്ത്യയിൽ കാണുകയുണ്ടായി - അവരുടെ ആതിഥ്യമര്യാദകൾ, ഞങ്ങളെ ശരിക്കും അറിയുവാനുള്ള ആകാംക്ഷ, വിശദാംശങ്ങളിലുള്ള ശ്രദ്ധ, സമയനിഷ്ഠ, സൗഹൃദശീലം അങ്ങനെ പലതും. ആസ്ട്രേലിയയിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്കുണ്ടായ ദുരനുഭവങ്ങളുടെ പേരിൽ അൽപം ആശങ്കയോടെത്തന്നെയാണ് ഞാൻ എത്തിയത്. എന്നാൽ ക്രിക്കറ്റ് ഇതിഹാസങ്ങളുടെയും സ്കോറുകളുടെയും മറ്റും വെളിച്ചത്തിൽ ചെറിയ ആവേശത്തോടും ആദരവോടും കൂടിയാണ് ഞാൻ സ്വീകരിക്കപ്പെട്ടത്. പ്രായമുള്ള ചില സഹയാത്രികർ പറഞ്ഞത് ദക്ഷിണേന്ത്യക്കാരുടെ സൗഹൃദം അപാരമാണെന്നാണ്. എന്റെ അനുഭവവും വിഭിന്നമായിരുന്നില്ല.

സമ്മേളനം ഉയർന്ന പാണ്ഡിത്യനിലവാരം പുലർത്തുന്നതും ഉത്തേജജനകവും ഉൾക്കാഴ്ച നിറഞ്ഞതുമായിരുന്നു. അവതരിപ്പിക്കപ്പെട്ട വിഷയങ്ങൾ സമകാലികവും, മനഃശാസ്ത്രപരവും ആത്മീയവുമായ വശങ്ങളെ ഉൾക്കൊള്ളുന്നതുമായിരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തകരിലെ യുവവിഭാഗം പ്രത്യക്ഷമായ തെളിവുകളിലധിഷ്ഠിതമായ സേവനത്തെയാണ് അവതരിപ്പിച്ചത്. അത്ഭുതമില്ല, പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ ജനസംഖ്യ പിരമിഡ് ആകൃതി വിട്ട് സമചതുരാകൃതി കൈവരിച്ചിരിക്കുന്നു; തൽഫലമായി

മാറോരോഗങ്ങളുടെയും വാർധക്യജന്യരോഗങ്ങളുടെയും രംഗത്ത് ഒരു പാലിയേറ്റീവ് കെയർ സമീപനം അനിവാര്യമായും വന്നിരിക്കുന്നു.

ഈ സന്ദർശനത്തിലെ ഒരു പ്രധാനസംഭവം തിരുവനന്തപുരത്തെ പാലിയം ഇന്ത്യാ സന്ദർശനവും ഒത്തു നടത്തിയ റൗണ്ട്സുമാണ്. പരിമിതമായ സൗകര്യത്തിൽ നിന്നുകൊണ്ട് ഉന്നത നിലവാരത്തിലുള്ള സാന്ത്വനപരിചരണം നൽകുന്ന കാഴ്ച ഒരു നവ്യാനുഭവമായിരുന്നു. ഡോക്ടറും സഹചാരികളും രോഗിക്കുമാത്രമല്ല, അയാളുടെ ബന്ധുക്കൾക്കും കൂടിയാണ് സൗഖ്യമരുളിയത്. രോഗലക്ഷണങ്ങളെ ശമിപ്പിക്കുക എന്നതിനോടൊപ്പം അവർ അനഭിമതരല്ല എന്നൊരു ബോധം കൂടി സൃഷ്ടിക്കുവാൻ ഡോക്ടർക്കും കൂട്ടർക്കും കഴിഞ്ഞു.

കാര്യങ്ങളെ നവീകരിക്കുവാനും സ്വാംശീകരിക്കുവാനുമുള്ള അവരുടെ കഴിവ് വളരെ വ്യക്തമായിരുന്നു. ആസ്ട്രേലിയയിൽ അനുവർത്തിക്കുന്ന ഐ.വി. പെയിൻ പ്രോട്ടോക്കോളിനു സമമായി ഒരു ഔട്ട് പേഷ്യന്റിൽ ഇൻട്രാവീനസ് മോർഫിൻ ഉപയോഗിക്കുന്നത് കാണുകയുണ്ടായി.

തങ്ങളർപ്പിക്കുന്ന സേവനങ്ങൾ തങ്ങളേക്കാൾ പോലും ശ്രേഷ്ഠമെന്നു കരുതുന്ന കുറെയേറെ മനുഷ്യരെ കണ്ട ഞാൻ തിരിച്ചെത്തിയത് കുറെക്കൂടി വെളിച്ചം വീണ മനസ്സുമായിട്ടാണ്. മെഡിക്കൽ വിദ്യാർത്ഥികളുടെ പാഠ്യക്രമത്തിൽ പാലിയേറ്റീവ് കെയർ കൂടി ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ. പാലിയേറ്റീവ് കെയർ പ്രവർത്തകർ കൂടുതൽ മോർഫിൻ ലഭ്യമാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം തുടരുകയാണ്.

ഞങ്ങൾ, പാശ്ചാത്യർക്ക് ഇവിടെ നിന്ന് പഠിക്കുവാനും സ്വന്തം നാട്ടിൽ പ്രാവർത്തികമാക്കാനും വളരെ ഏറെയുണ്ട്.

■

# പാലിയേറ്റീവ് പഠനയാത്ര

*ഡോ. അനിൽ ടണ്ഠൻ*

**ആ**സ്ട്രേലിയ/ഏഷ്യ പസഫിക് ഹോസ്പൈസ് നെറ്റ് വർക്ക് കഴിഞ്ഞ വർഷം പെർത്തിൽ നടത്തിയ സമ്മേളനത്തിനുശേഷം ആസ്ട്രേലിയ പാലിയേറ്റീവ് ലിങ്ക് ഇന്റർനാഷണലിലും പാലിയം ഇന്ത്യയിലും പെട്ട പ്രഗൽഭരും പ്രചോദനമരുളുന്നവരുമായ ചില വ്യക്തികളെ പരിചയപ്പെടുവാൻ സാധിച്ചു. ഇന്ത്യയിലെ എന്റെ അതേ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ബന്ധപ്പെടുന്നതിനും ഇതു മൂലം കഴിഞ്ഞു. ഇന്ത്യൻ പൈതൃകത്തിൽ നിന്നാണ് വന്നതെങ്കിലും ജീവിതം ഏതാണ്ട് മുഴുവനായിത്തന്നെ ആസ്ട്രേലിയയിൽ കഴിച്ചുകൂട്ടിയ എനിക്ക് കുടിയേറ്റക്കാരായ മറ്റു പലർക്കുമുള്ളതുപോലെ ഒരു കുറ്റബോധമോ ഗ്ലാനിയോ തോന്നിയിട്ടുണ്ട്, ഇരു രാജ്യങ്ങൾക്കും സമ്പദ്ഘടനയിലുള്ള ഏറ്റക്കുറച്ചിലുകൾ കാണുമ്പോൾ. അതുപോലെ, ഇന്ത്യയിലെ പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തെ ആവുംവിധം സഹായിക്കുമ്പോൾ എനിക്ക് തിരിച്ചും എന്തെങ്കിലും ഗുണം ലഭിക്കുമോ പ്രോജക്ട് ഹം രാഹിയിൽ നിന്നും? പരുക്കനായി ചിന്തിച്ചാൽ... അതിൽ എനിക്കായി എന്താണ് ഉള്ളത്?

ഒന്നാമത്തെ കാര്യം ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ആസ്ട്രേലിയയിലെ സമാനമനസ്കരായ ചികിത്സകരെ കണ്ടുമുട്ടുക. ജനുവരിയിൽ മെൽബണിൽ വെച്ചു



പരിചയപ്പെടുകയും പിന്നീട് ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ കോൺഫറൻസിൽ സംബന്ധിക്കുന്നതിനുവേണ്ടി ട്രിച്ചിയിലേക്ക് തിരിക്കുകയും ചെയ്ത ചികിത്സകർക്ക് പൊതുവായുള്ള ചില പ്രശ്നങ്ങളെപ്പറ്റി ദൃഢമായ ഒരു പരസ്പരധാരണ സൃഷ്ടിക്കുവാൻ സാധിച്ചു.

പ്രോജക്ട് ഹം രാഹിയിൽ പ്രവർത്തിക്കുന്ന ഞങ്ങളെല്ലാവരും തന്നെ ഇന്ത്യൻ പ്രവർത്തകരിൽ നിന്നും കിട്ടുന്ന പഠനാവസരങ്ങളെപ്പറ്റി ബോധവാന്മാരാണ്. ട്രിച്ചി കോൺഫറൻസിൽ വെച്ച് കേട്ട പ്രവർത്തന വിവരണങ്ങളിൽ ഇത് വളരെ വ്യക്തമായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും വിഭിന്ന പശ്ചാത്തലങ്ങളിൽ നിന്നും വന്ന, ഉള്ളിൽ സേവനത്തിന്റെ അണയാത്ത ജ്വാലകൾ വഹിക്കുന്ന ഈ വ്യക്തികളുടെ അനുഭവവിവരണങ്ങൾ ഞങ്ങളെ ഉന്നതമായ തലങ്ങളിലെത്തിച്ചു.

ഇന്ത്യ ആകർഷണീയമായ ഒരു രാജ്യമാണെന്നതിൽ യാതൊരു സംശയവുമില്ല. കേമമായ ഭക്ഷണം, ഭംഗിയുള്ള ആളുകൾ, തിരക്കുപിടിച്ച ദിനചര്യകൾ... ഒരു സന്ദർശകന് വർണ്ണശബളവും സജീവവുമായ അനുഭവം തന്നെയാണ് ഇന്ത്യ നൽകുക!

ആസ്ട്രേലിയയുടെ വിദൂര വടക്കൻ പ്രദേശമായ കിംബർലിയിൽ ഒരു സാന്ത്വനചികിത്സാ സന്ദർശകഡോക്ടറായി ജോലി ചെയ്യുവാൻ അടുത്തകാലത്ത് എനിക്ക് അവസരമുണ്ടായി. അത്തരമൊരിടത്ത് ജോലി ചെയ്യണമെങ്കിൽ ഒരാൾ ഒരു ഭ്രാന്തനോ, രൂക്ഷപ്രകൃതിയുള്ളവനോ, സന്യാസിയോ ആയിരിക്കണം എന്നു പറയുന്നതിൽ വാസ്തവമില്ലാതില്ല. അഞ്ചു വർഷം പിന്നിട്ട എനിക്ക് ഇപ്പോഴും തിട്ടമില്ല, ഇതിൽ ഏതിനത്തിലാണ് ഞാൻ പെടുന്നതെന്ന്. പ്രോജക്ട് ഹംരാഹി പറന്നുയരുമ്പോഴേക്ക് ഇതിനുള്ള ഉത്തരം എനിക്കു ലഭിക്കുമായിരിക്കും. ■



# വായനക്കാർ എഴുതുന്നു

### ശ്രദ്ധ കിട്ടണം

സുരേന്ദ്രന്റെ ചിത്രങ്ങൾ എത്ര മനോഹരമായിരിക്കുന്നു. ശരീരത്തിന്റെ ഒരു ഭാഗം തളരുമ്പോൾ മറ്റു ഭാഗങ്ങൾക്ക് വളർച്ചയുണ്ടാവുമായിരിക്കും. ഇന്ദ്രിയങ്ങളുടെ ക്ഷമത വർധിക്കുന്നുണ്ടാവും. അതു കണ്ടെത്തി വളർത്താൻ ആളുണ്ടായെങ്കിൽ എത്ര നന്നായേനെ. സഹയാത്ര അതാണ് ചെയ്തത്. നല്ലത്. പക്ഷേ അതുമതിയോ? ഇവരിലോരോരുത്തർക്കും ഇത്തരത്തിൽ ശ്രദ്ധ കിട്ടണ്ടേ?

നൂറു കണക്കിന് വോളണ്ടിയർമാരുണ്ടല്ലോ കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിൽ. ഓരോ യൂണിറ്റിലും ചിലർക്ക് ഓരോ ചെറിയ സംഘമായി ഇതിൽ മാത്രം ശ്രദ്ധ കൊടുത്ത് പ്രവർത്തിച്ചുകൂടേ?

*വി.എസ്. ഗോപൻ*

*തിരുവനന്തപുരം*

### മാസിക അയക്കണം

പാലിയേറ്റീവ് കെയർ പ്രസിദ്ധീകരണമായ 'സഹയാത്ര' വായിക്കുവാനിടയായി. വേദനയിൽനിന്ന് സാന്ത്വനം തേടുന്ന ഹൃദയങ്ങൾക്ക് ആശ്വാസം പകരുന്ന പാലിയം ഇന്ത്യയുടെ മുഖപത്രം ഹൃദ്യമായി. മാസികയുടെ തുടർ കോപ്പികൾ അയച്ചുതരുവാൻ അപേക്ഷ. സഹകരണ പ്രതീക്ഷയോടെ.

*താങ്കളുടെ വിശ്വസ്തൻ*

*ഷാജി തലോറ.*

### ആസ്ബസ്റ്റോസ്

മെയ് ലക്കം സഹയാത്രയിൽ ആസ്ബസ്റ്റോസിനെപ്പറ്റിയുള്ള ലേഖനം കാണുവാനിടയായി. ആസ്ബസ്റ്റോസ് നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ചിലതരം രോഗങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന കാര്യത്തിൽ ഞാനും യോജിക്കുന്നു. വളരെ ചെലവുകുറഞ്ഞ മേച്ചിൽ വസ്തുവായ ആസ്ബസ്റ്റോസ് ഇത്തരത്തിൽ രോഗസാധ്യതകൾക്കിടനിൽകാത്തവിധം നിർമിക്കാൻ മാർഗങ്ങളൊന്നുമില്ലേ? ഇതേപ്പറ്റി അന്വേഷിക്കുമെന്നു കരുതട്ടെ.

*മാമൻ വർഗീസ്,*

*കോട്ടയം*

കഴിഞ്ഞ ലക്കം സഹയാത്രയിലെ 'സുമനസ്സുകൾക്ക് കൂപ്പുകൈ' എന്ന കുറിപ്പ് ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു. സാമൂഹ്യസേവനരംഗത്തും രോഗി/അനാഥപരിചരണരംഗത്തുമെല്ലാം കള്ളനാണയങ്ങൾ പെരുകുമ്പോൾ സുമനസ്സുകൾ പാലിയം ഇന്ത്യയോട് കാട്ടുന്ന സഹകരണം ഏറെ പ്രസക്തമാണ്. തന്റെ വീട്ടിലെവിവാഹച്ചടങ്ങിൽ വിഭവങ്ങളുടെ എണ്ണത്തിൽ ഒരെണ്ണം കുറച്ച് ആ സംഖ്യ പാലിയം ഇന്ത്യക്ക് എത്തിച്ച ഒരു നല്ല മനസ്സിനെപ്പറ്റി കുറേക്കാലം മുമ്പ് വായിച്ചതോർക്കുന്നു. ഇപ്പോൾ വേറേയും കുറേ നല്ല മുഖങ്ങൾ. സ്നേഹത്തിനും സാന്ത്വനത്തിനും സ്വന്തം ജീവിതത്തോളം വില കൽപിക്കുന്ന ഷൺമുഖയ്ക്കും ജയദീപ് നായർക്കും പേരു പരാമർശിക്കാത്ത ബാക്കി ഓരോരുത്തർക്കും എല്ലാ സൗഖ്യങ്ങളും നേരുന്നു.

*ആർ. അജിത് കുമാർ*

*കൊല്ലം*



കൊല്ലുന്ന ഈ വേദന എന്നാണവസാനിക്കുക?
വേദനതിന്നു മരിക്കാനാണോ എന്റെ വിധി?
ശ്വാസമറ്റ അവസ്ഥയിലാണു ഞാനിപ്പോൾ.
മരണംവരെ ഇതു തുടരുമോ?
എന്റെ കുട്ടികൾ സ്കൂളിൽ നിന്നു പുറത്താകുമോ?
എന്റെ മകളുടെ വിവാഹം എന്നെങ്കിലും നടക്കുമോ?
അർഥശൂന്യമായ ജീവിതമാണല്ലോ എന്റേത്...!
ഇനി ആശുപത്രിയിലേക്കു തിരിച്ചുചെല്ലേണ്ടെന്നാണ് ഡോക്ടറും
പറഞ്ഞിരിക്കുന്നത്. എന്നെ എല്ലാവരും കൈവിട്ടു...!
ദൈവം എന്തിനാണ് എന്നോടിങ്ങനെചെയ്യുന്നത്....



ഇത് ഇദ്ദേഹത്തെപ്പോലുള്ള
ഇരുപത് ലക്ഷം ഇന്ത്യാക്കാരുടെ
വിലാപമാണ്. കാൻസറും
എയ്ഡ്സും പക്ഷാഘാതവും
ഉൾപ്പെടെ ദീർഘകാലംകൊണ്ട്
ക്ഷയിപ്പിക്കുന്ന അനവധി രോഗം
ബാധിച്ചവരുടെ വിലാപം.
ഈ കരച്ചിൽ കേൾക്കാൻ
നിയോഗിക്കപ്പെട്ടവരാണ് നമ്മൾ.
ഒപ്പം നമ്മളാലാകുന്നതു
ചെയ്യാനും.

**പാലിയം ഇന്ത്യ ചെയ്യുന്നത്**
ഈ മനുഷ്യനെ അന്തസ്സോടെ ജീവിക്കാൻ സഹായിക്കുന്നു.
അദ്ദേഹത്തിന്റെ ദിവസങ്ങളെ ജീവസ്സുറ്റതാക്കുന്നു.
കുടുംബാംഗങ്ങൾക്ക് ഒരു ചെറുകൈത്താങ്ങെങ്കിലും നൽകുന്നു.
ഇതുപോലുള്ള അനവധിപേർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ
നിങ്ങൾക്കോരോരുത്തർക്കും അവസരം നൽകുന്നു...

**പാലിയേറ്റീവ് കെയർ കിട്ടാത്തവർക്ക് അതെത്തിക്കാൻ പാലിയം ഇൻഡ്യ ശ്രമിക്കുന്നു.**

Pallium India, S.U.T Hospital, Pattom
Trivandrum - 695 004, Kerala, India
pallium.india@gmail.com, www. palliumindia.org

SAHAYATRA MONTHLY REG NO: KERMAL /2009/30023 AUGUST 2010 Volume: 2 Issue: 8




Printed and Published by A.Vijayakumaran, 2E, Heera West Court, Vanchiyoor, Thiruvananthapuram on behalf of TIPS, Pain and Palliative Care Clinic, Pattom, Thiruvananthapuram. Printed at Akshara Offset Press, TC 25/3230(1), Kunnumpuram, Vanchiyoor, Thiruvananthapuram -35 and Published at Thiruvananthapuram. Editor: K.Govindankutty